varadyam@madhyamam.in ❋ www.madhyamam.com

വാരാദ്യ മാധ്യമം

28 ഞായർ 2020 ജൂൺ

ലക്കം 1670



4

**ആത്മാന്വേഷണങ്ങളുടെ പാട്ടുകാരൻ**

• അസ്സലാം പി.

അയ്യായിരത്തോളം പാട്ടുകൾ മനഃപാഠമാക്കി, ഈണം നൽകി പാടിക്കൊണ്ടേയിരിക്കുന്നു അയാൾ. നാലു ദശകത്തോളമെത്തിയ തവക്കൽ മുസ്തഫയുടെ പാട്ടുജീവിതത്തിലൂടെ...

ഫോട്ടോ ഫീച്ചർ



• ഞണ്ടുണ്ണി: ആലപ്പുഴയിലെ തോട്ടപ്പള്ളി കടപ്പുറത്തുനിന്ന്

“

**മനുഷ്യർ സൃഷ്ടിച്ച സകല വേലിക്കെട്ടുകൾക്കും മുകളിൽ പറന്ന്, ആയിരക്കണക്കിന് നാഴികകൾ താണ്ടി, എല്ലാ വർഷവും കൃത്യമായ ഇടവേളകളിൽ എത്തിനാവും ഈ സഞ്ചാരികൾ നമ്മുടെ നാട്ടിലെത്തുന്നത്?**

# നിശ്ശബ്ദമാകുന്ന കടലോരങ്ങൾ

എഴുത്തും ചിത്രങ്ങളും

**ഡോ. അബ്ദുല്ല പാലേരി**

വർഷംതോറും കടലും പർവതങ്ങളും താണ്ടി കേരളത്തിലെ കടലോരങ്ങളിൽ എത്തുന്ന ദേശാടനപ്പക്ഷികൾ വേനലറുതിയോടെ ജന്മനാടുകളിലേക്ക് തിരികെ പോകും. അതോടെ കുറുകലുകളും ചിറകടിയൊച്ചകളും കേൾക്കാതെ കടൽത്തീരങ്ങൾ നിശ്ശബ്ദമാകുന്നു. യൂറോപ്പിൽനിന്നും മധ്യേഷ്യൻ രാജ്യങ്ങളിൽനിന്നുമാണ് മിക്ക ദേശാടനപ്പക്ഷികളും നമ്മുടെ കടലോരങ്ങളും അഴിമുഖങ്ങളും തേടിയെത്തുന്നത്. എന്തിനാണ് ആയിരക്കണക്കിന് നാഴികകൾ താണ്ടി ഈ സഞ്ചാരികൾ നമ്മുടെ അറബിക്കടൽ തീരങ്ങളിൽ  വിരുന്നുവരുന്നത്? വർഷംതോറും വഴിതെറ്റാതെ കൃത്യമായ പാതയിലൂടെ പറന്ന് നമ്മുടെ നാട്ടിലെത്താൻ കഴിയുന്നതിന്റെ രഹസ്യം എന്താണ്? പക്ഷികളുടെ ദേശാടനത്തിന്റെ രഹസ്യങ്ങൾ പൂർണമായി ചുരുളഴിക്കാൻ ശാസ്ത്രലോകത്തിന് ഇതുവരെ സാധിച്ചിട്ടില്ല.

ജന്മനാട്ടിൽ മഞ്ഞു പെയ്യുന്നത് ദേശാടനത്തിനു പ്രേരണയാകുന്നു എന്നാണ് ഒരു വിശദീകരണം. മഞ്ഞു പെയ്യുമ്പോൾ ഭക്ഷണക്ഷാമമുണ്ടാകുന്നു. സ്വച്ഛമായി പറന്നുല്ലസിക്കാനുള്ള ഇടങ്ങൾ ചുരുങ്ങിപ്പോകുന്നു. ജന്മനാട്ടിലെ ജീവിതം ദുസ്സഹമാകുമ്പോൾ പക്ഷികൾ പ്രസന്നമായ കാലാവസ്ഥ സംജാതമായ ദേശങ്ങളിലേക്കു യാത്ര പുറപ്പെടുന്നു. അങ്ങനെയാണ് കാലവർഷം പിൻവാങ്ങുന്നതോടെ ആയിരക്കണക്കിന്  ദേശാടകർ നമ്മുടെ കടൽത്തീരങ്ങളിൽ വന്നണയുന്നത്. അപ്പോഴും ചില പക്ഷികൾ പ്രതികൂലമായ കാലാവസ്ഥയെ വകവെക്കാതെ ജന്മസ്ഥലത്തുതന്നെ കഴിച്ചുകൂട്ടുന്നത് എന്തുകൊണ്ടാണെന്ന് നമുക്ക് വ്യക്തമായി അറിയില്ല.

സൂര്യനെ ലാക്കാക്കിയാണ് ഇവ കൃത്യമായ വഴി കണ്ടെത്തി ലക്ഷ്യസ്ഥാനത്ത് പറന്നെത്തുന്നത് എന്നാണ് ഒരു നിഗമനം. രാത്രികളിൽ ചന്ദ്രനും നക്ഷത്രങ്ങളും ഇവർക്ക് വഴികാട്ടികളാകുന്നു. ഭൂമിയുടെ കാന്തശക്തി ഉൾക്കൊള്ളാനുള്ള കഴിവാണ് ഇവയെ വഴിതെറ്റാതെ പറക്കാൻ സഹായിക്കുന്നത് എന്നാണ് മറ്റൊരു കണ്ടെത്തൽ. കാന്തശക്തിയോട് പ്രതികരിക്കുന്ന ചില രാസവസ്തുക്കൾ പക്ഷികളുടെ കൊക്കിലും കണ്ണിലും ഉണ്ടെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു. പക്ഷേ, എല്ലാ ദേശാടനപ്പക്ഷികളിലും ഈ രാസവസ്തുക്കളുടെ സാന്നിധ്യമുണ്ടോ എന്നറിയാൻ ഇനിയും പഠനങ്ങൾ നടക്കേണ്ടതുണ്ട്.

സെപ്റ്റംബറോടെതന്നെ ദേശാടനപ്പക്ഷികൾ കേരളത്തിലെ കടലോരങ്ങളിലും അഴിമുഖങ്ങളിലും എത്തിത്തുടങ്ങും. ഏപ്രിൽ-മേയ് മാസത്തോടെ മിക്ക പക്ഷികളും ജന്മനാട്ടിലേക്കു തിരികെ പോകും. ജന്മസ്ഥലത്തെ   കൊടും ശിശിരം ഏറക്കുറെ പിൻവാങ്ങുന്നതോടെയാണ് ഇവ തിരികെ പോകുന്നത്. താമസിയാതെ ജന്മനാട്ടിൽ കൂടുകൂട്ടി കുഞ്ഞുങ്ങളെ വിരിയിക്കും. കുഞ്ഞുങ്ങൾ പറക്കമുറ്റുന്നതോടെ ലോകത്തിന്റെ പല ഇടങ്ങളിലേക്കും ഇവ ദേശാടനം നടത്തുന്നു. ധാരാളം പക്ഷികൾ നമ്മുടെ നാട്ടിലും എത്തുന്നു. ചോരക്കാലി, ചെറിയ മണൽക്കോഴി മുതലായ  പക്ഷികളിൽ ചിലത് കാലവർഷം എത്തിയിട്ടും സ്വദേശത്തേക്കു തിരികെ പോകാതെ ഇവിടെത്തന്നെ തങ്ങാറുണ്ട്. നീർകാട, തെറ്റിക്കൊക്കൻ മുതലായ പക്ഷികൾ നേരത്തെ വന്ന് വൈകി തിരികെപോകുന്ന ദേശാടകരാണ്. നീർകാട മധ്യേഷ്യൻ രാജ്യങ്ങളിൽനിന്നും തെറ്റിക്കൊക്കൻ സൈബീരിയയിൽനിന്നുമാണ് കേരളത്തിൽ വിരുന്നു വരുന്നത്.

അപൂർവമായി ചില പക്ഷികൾ കാറ്റിലും കോളിലും പെട്ട് വഴിതെറ്റി നമ്മുടെ തീരങ്ങളിൽ എത്തിപ്പെടാറുണ്ട്. 2019ൽ ചോമ്പാൽ തീരക്കടലിൽ ക്രിസ്മസ് ദ്വീപിലെ കടൽക്കള്ളൻ പക്ഷി ഇങ്ങനെ ആകസ്മികമായി എത്തിപ്പെട്ടിരുന്നു. ലോകത്തിലെ ഏറ്റവും അപൂർവമായ കടൽപക്ഷികളിൽ ഒന്നായ ഇത് കടലിൽ എവിടെയോവെച്ച്  നെഞ്ചിലേറ്റ മുറിവിനെത്തുടർന്നു രണ്ടുദിവസത്തിനകം ചത്തുപോയി. ഏതു പക്ഷിയാണെന്ന് കൃത്യമായി തിരിച്ചറിയും മുമ്പേ പക്ഷി ചത്തുപോയിരുന്നു.

കടൽത്തീരങ്ങൾക്ക് ഉണർവേകുന്ന ദേശാടനപ്പക്ഷികളിൽ പ്രമുഖരാണ് കടൽകാക്കകൾ (Sea Gulls). കടലുണ്ടി, എലത്തൂർ, കാപ്പാട്, തോട്ടപ്പള്ളി, ധർമടം, മുഴപ്പിലങ്ങാട്, പുതുവൈപ്പ്, ചാവക്കാട് എന്നിവിടങ്ങളിലെ കടൽത്തീരങ്ങളിലാണ്  ഇവ മുഖ്യമായും ദേശാടനത്തിന് എത്തുന്നത്. കേരളത്തിലെത്തുന്ന ഒമ്പതിനം കടൽകാക്കകളിൽ ചിലർ കൂട്ടമായിട്ടാണ് തീരങ്ങളിലും അഴിമുഖങ്ങളിലും തമ്പടിക്കുന്നത്. സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ വിരുന്നെത്തുന്ന ഇവ ഏപ്രിൽ-മേയ് മാസങ്ങളിൽ തിരികെ പോകുമ്പോഴേക്കും പലരുടേയും ദേഹത്ത് വിവാഹത്തൂവലുകൾ കിളിർത്തിരിക്കും. റഷ്യ,സൈബീരിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നാണ് ഇവ കേരളത്തിൽ വിരുന്നുവരുന്നത്. കേരളത്തിൽ അപൂർവമായി എത്തിയ മ്യാവൂ കടൽകാക്കയെ  (Mew Gull) പൊന്നാനി കടൽത്തീരത്ത് കാണാൻ ഭാഗ്യം ലഭിച്ചത് പക്ഷിനിരീക്ഷണ ജീവിതത്തിലെ അവിസ്മരണീയ അനുഭവമാണ്. അതിനു മുമ്പേ രണ്ടുതവണ മാത്രമേ  ഇത് കേരളം സന്ദർശിച്ചിട്ടുള്ളൂ. 2019 ജനുവരി രണ്ടിന്  നട്ടുച്ചക്ക് നൂറുകണക്കിന് സ്റ്റെപ്പി കടൽകാക്കകളുടെ കൂട്ടത്തിലാണ് മ്യാവൂ കടൽകാക്കയെ കണ്ടത്. പൂച്ചയെപോലെ കരയുന്നതുകൊണ്ടാണ് ഇതിനെ മ്യാവൂ കടൽകാക്ക എന്ന് വിളിക്കുന്നത്. കഴിഞ്ഞ വർഷം നവംബർ-ഡിസംബർ മാസങ്ങളിൽ എറണാകുളത്തെ പുതുവൈപ്പ് തീരത്തെത്തിയ നൂറുകണക്കിന് പല്ലാസ് കടൽകാക്കകൾ  ഈ മാർച്ചോടെ ജന്മനാട്ടിലേക്ക് തിരികെപോയി. കാക്കകളെപോലെ കടൽകാക്കകളും ജൈവമാലിന്യങ്ങൾ തിന്ന് കടൽത്തീരത്തെ വെടിപ്പായി നിലനിർത്തുന്നു.

കടൽകാക്കകളെ കാണുമ്പോൾ റിച്ചാർഡ് ബാച്ചിന്റെ പ്രസിദ്ധ രചനയായ ‘ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക’ മനസ്സിലേക്ക് പറന്നുവരും. ഈ ഗ്രന്ഥത്തിലെ ജോനാഥൻ എന്ന കടൽകാക്ക, ആത്മവിശ്വാസവും ആർജവവുമുണ്ടെങ്കിൽ ഏതു ലക്ഷ്യവും നമുക്ക് സാക്ഷാത്കരിക്കാമെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. നമുക്ക് ആഹ്ലാദകരമായ കാഴ്ച സമ്മാനിക്കുന്ന മണൽക്കോഴിപ്പക്ഷികൾ (Plovers) കൂട്ടമായിട്ടാണ് കടൽത്തീരങ്ങളിൽ എത്തുന്നത്. കാക്കയുടെയും പരുന്തിന്റെയും മനുഷ്യരുടേയും  സാമീപ്യമുണ്ടാകുമ്പോൾ ഇവ കരഞ്ഞുകൊണ്ട് കൂട്ടത്തോടെ തീരത്തിന്റെ പലയിടങ്ങളിലേക്കും മാറിമാറി പറന്നുകൊണ്ടിരിക്കും. ശല്യം ചെയ്താൽ തീരത്ത് ഏറെനേരം നിശ്ചലരായി നിൽക്കുന്ന ശീലവുമുണ്ട്. ഏപ്രിൽ-മേയ് മാസങ്ങളിൽ മിക്ക പക്ഷികളും വിവാഹവേഷം ധരിച്ചാണ് സ്വദേശത്തേക്കു മടങ്ങിപ്പോകുന്നത്.

കടൽത്തിരകൾ കടലിലേക്ക് ഇറങ്ങുമ്പോൾ പിന്നാലെ പോവുകയും തിരകൾ മേലോട്ട് കേറുമ്പോൾ തീരത്തേക്ക് ഓടിക്കയറുകയും ചെയ്യുന്ന തിരക്കാടകൾ ആരിലും കൗതുകമുണർത്തും. തിരകൾ തീരത്തേക്ക്  കൊണ്ടുവരുന്ന ചെറുമീനുകളും ചെമ്മീനുകളും കടൽപുഴുക്കളുമാണ് ഇവയുടെ മുഖ്യാഹാരം.  നമ്മുടെ കടൽത്തീരങ്ങളെ സജീവമാക്കുന്ന ദേശാടകരാണ് ആളപ്പക്ഷികൾ. ചെറുതും വലുതുമായ പലജാതി ആളകൾ തീരത്തിരുന്ന് വിശ്രമിക്കുന്ന കാഴ്ച ദേശാടനക്കാലത്ത് സാധാരണം. ഇവ പലപ്പോഴും കടൽത്തിരകളിൽ കൂട്ടത്തോടെ പറന്നിറങ്ങി മത്സ്യം പിടിക്കുന്നതു കാണാറുണ്ട്. ചെറിയ ആളകൾക്ക് വിവാഹവേഷം ധരിച്ചാൽ അഴകേറും.

കേരളത്തിൽ വിരളമായി എത്തുന്ന ദേശാടനപ്പക്ഷികളായ ഞണ്ടുണ്ണി  കഴിഞ്ഞ ദേശാടനക്കാലത്ത് ആലപ്പുഴയിലും കണ്ണൂരും വിരുന്നുവന്നത് പക്ഷിനിരീക്ഷകരെ തെല്ലൊന്നുമല്ല ആഹ്ലാദിപ്പിച്ചത്. ഞണ്ടുണ്ണി, ഞണ്ടിന്റെ ഇറുക്കികളും കാലുകളും കടിച്ചുമുറിച്ചുകളഞ്ഞ് അകത്തെ മാംസം ആർത്തിയോടെ തിന്നുന്ന കാഴ്ച ആരും നോക്കിനിന്നുപോകും. യൂറോപ്പിൽനിന്ന് ദീർഘദൂരം യാത്ര ചെയ്ത് കേരളത്തിലെത്തുന്ന ദേശാടനപ്പക്ഷിയായ വരവാലൻ ഗോഡ്വിറ്റിനെ കാപ്പാട് തീരത്താണ് ഞാൻ ആദ്യമായി കണ്ടത്. ലോകത്ത് ഏറ്റവും കൂടുതൽ ദൂരം ദേശാടനം നടത്തുന്ന പക്ഷി ആർട്ടിക് ആളയാണെങ്കിൽ വിശ്രമമില്ലാതെ ഏറ്റവും ദൂരം പറക്കുന്ന പക്ഷി വരവാലൻ ഗോഡ്വിറ്റാണ്.

സുലഭമായ ആഹാരവും സുരക്ഷിതത്വവും വിശാലമായ തീരങ്ങളുമാണ് നമ്മുടെ കടലോരങ്ങളിലേക്ക് ദേശാടനപ്പക്ഷികളെ ആകർഷിക്കുന്നത്. പക്ഷേ, നമ്മുടെ അഴിമുഖങ്ങളിലും തീരങ്ങളിലും ദേശാടനപ്പക്ഷികൾ അത്രകണ്ട് സുരക്ഷിതരാണോ എന്ന് നാം ആശങ്കപ്പെടേണ്ടിയിരിക്കുന്നു. അടിഞ്ഞുകൂടുന്ന മാലിന്യങ്ങളാണ് പക്ഷികൾക്ക് ഏറ്റവും വലിയ ഭീഷണി. ആരോ വലിച്ചെറിഞ്ഞ ലോഹവലയം കോക്കിൽ കുരുങ്ങി കൊക്കിന്റെ കീഴ്ഭാഗം മുറിഞ്ഞുതൂങ്ങാറായ ഒരു സ്റ്റെപ്പി കടൽക്കാക്കയെ പൊന്നാനി തീരത്ത് കണ്ടിരുന്നു. ശിരസ്സിൽ പ്ലാസ്റ്റിക് വല കുരുങ്ങിയ തവിട്ടുതലയൻ കടൽക്കാക്കയെയും ഒരു കാൽ നഷ്ടപ്പെട്ട കല്ലുരുട്ടിക്കാടയെയും കാപ്പാട് തീരത്തു കണ്ടത് ഓർമയിലുണ്ട്. തിക്കോടി മുഴുപ്പിലങ്ങാട് ബീച്ചുകളിലൂടെ  വാഹനങ്ങളോടിക്കുന്നത് തീരത്തെത്തുന്ന പക്ഷികളുടെ സ്വൈരജീവിതത്തിന് വിഘാതമാണ്. മാലിന്യ നിക്ഷേപവും  ആഹാരക്ഷാമവും മൂലം കടലുണ്ടി പക്ഷിസങ്കേതത്തിൽ എത്തുന്ന വിരുന്നുകാർ തുലോം കുറഞ്ഞുപോയിരിക്കുന്നു. ചെറു ജലജീവികൾ  സമൃദ്ധമായിരുന്ന ചളിത്തിട്ടകളുടെ ശോഷണവും കടലുണ്ടിയിലെ പക്ഷികളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കടൽക്ഷോഭം നിമിത്തം കടലോരത്തിനു വന്ന മാറ്റം, കഴിഞ്ഞ രണ്ടു വർഷമായി പൊന്നാനി തീരത്തെത്തുന്ന ദേശാടകരുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. മാലിന്യമുക്തമാക്കിയാൽ കേരളത്തിലെ കടലോരങ്ങളും അഴിമുഖങ്ങളും ദേശാടനപ്പക്ഷികളുടെ സ്വർഗഭൂമിയായിതന്നെ നിലനിൽക്കും. ജന്മനാട്ടിലേക്ക് തിരികെപ്പോയ ദേശാടകർ ഇനി കാലവർഷം കഴിഞ്ഞേ അറബിക്കടലോരം തേടി തിരികെ എത്തുകയുള്ളൂ. അടുത്ത ദേശാടനക്കാലത്ത് എത്തുന്ന അവരുടെ ചിറകടിയൊച്ച കേൾക്കാനായി നമ്മുടെ കടലോരങ്ങളും അഴിമുഖങ്ങളും കാത്തിരിക്കുകയാണ്.

◆




• മ്യാവൂ കടൽകാക്ക: 2019ൽ പൊന്നാനി കടൽത്തീരത്തെത്തിയ അപൂർവ കടൽകാക്ക



• കൊക്കിൽ വളയം കുടുങ്ങിയ സ്റ്റെപ്പി കടൽകാക്ക: പൊന്നാനി കടൽത്തീരം




• ക്രിസ്മസ് ദ്വീപിലെ കടൽകള്ളൻ: 2019ൽ ചോമ്പാൽ തീരക്കടലിലെത്തിയ അപൂർവ പക്ഷി



• ദീർഘദൂര സഞ്ചാരിയായ വരവാലൻ ഗോഡ്വിട്: കാപ്പാട് തീരം

ആരോഗ്യം



# കോവിഡിനൊപ്പം ജീവിക്കാൻ കഴിയുമോ?

“ രോഗവ്യാപനവുമായി ബന്ധപ്പെട്ട വസ്തുതകളെ ഗൗരവത്തിൽ കണ്ട് ആവശ്യമായ മാറ്റങ്ങൾ ജീവിതശൈലിയിൽ വരുത്തുക മാത്രമാണ് കോവിഡിനോടൊപ്പം ജീവിക്കാനുള്ള ഏക മാർഗം. അലസതയോ വീഴ്ചയോ അവഗണനയോ അശ്രദ്ധയോ ആരെയും രോഗിയാക്കും. വിദഗ്ധരുടെ നിർദേശങ്ങൾ അതുപോലെ പാലിക്കുക. ഒരു പരിധിവരെ നമുക്ക് രോഗത്തെ പ്രതിരോധിക്കാൻ കഴിയും

**ഡോ. ജെ. രാജൻ ഏലിയാസ്**

കോവിഡ് -19 എന്ന മഹാമാരി ആദ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾ വളരെ ആശങ്കയോടെയാണ് ലോകമെമ്പാടുമുള്ളവർ അതിനെ കണ്ടത്. കടുത്ത മുന്നറിയിപ്പുകളാണ് അതുമായി ബന്ധപ്പെട്ട് വൈദ്യശാസ്ത്രരംഗത്തെ വിദഗ്ധർ മുന്നോട്ടുവെച്ചത്. ഇന്ത്യയടക്കമുള്ള പല രാഷ്ട്രങ്ങളും സമ്പൂർണമായി ലോക്ഡൗണിലൂടെയാണ് രോഗപ്രതിരോധത്തിനായി രംഗത്തിറങ്ങിയത്. പൊതുഗതാഗത സംവിധാനങ്ങൾ നിർത്തിവെച്ചും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ചടങ്ങുകൾ മാറ്റിവെച്ചും കഴിയുന്നത്ര വീട്ടിനുള്ളിൽ കഴിഞ്ഞും സർക്കാറുകളും ജനങ്ങളും രോഗത്തെ പ്രതിരോധിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിൻെറ ഭാഗമായി സാമൂഹിക അകലം പാലിക്കാനും സോപ്പുവെള്ളവും സാനിറ്റൈസറുകളും ഉപയോഗിച്ച് കൈകൾ ഇടക്കിടെ വൃത്തിയാക്കിയും മാസ്കുകൾ ധരിച്ച് പുറത്തിറങ്ങാനുമുള്ള ജീവിതശൈലി ഒരു പരിധിവരെ ജനങ്ങൾ ശീലിച്ചുകഴിഞ്ഞു. എന്നാൽ, പ്രതീക്ഷകളെ അസ്ഥാനത്താക്കി കോവിഡ് -19 വൈറസ് ദിനംപ്രതി സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അടുത്തദിവസങ്ങളിലായി വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നുകേൾക്കുന്ന ഒന്നാണ് ‘കോവിഡിനൊപ്പം ജീവിക്കുക’ എന്ന നിർദേശം. ഈ ആശയത്തിൻെറ അറിഞ്ഞോ അറിയാതെയോ ഉള്ള ആദ്യ പ്രതിഫലനമാണ് പലയിടങ്ങളിലും ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി, സംസ്ഥാനത്ത് ഒന്നോ രണ്ടോ രോഗികൾ മരിച്ചു എന്ന് കേട്ടപ്പോഴോ വിരലിലെണ്ണാവുന്ന രോഗികളുടെ റിപ്പോർട്ടുകൾ പുറത്തുവന്നപ്പോഴോ ഞെട്ടിയിരുന്നവർ ഇന്ന് നമ്മുടെ ചുറ്റിലുമായി നൂറുകണക്കിന് രോഗികളുണ്ടെന്ന് അറിയുമ്പോഴോ ഗൾഫിൽ ദിനംപ്രതി നമ്മുടെ സഹോദരങ്ങൾ മരിച്ചുവീഴുന്ന വാർത്തകൾ എത്തുമ്പോഴോ പഴയപോലെ ഞെട്ടുന്നില്ല. പകരം അതിനെ ഉൾക്കൊള്ളാൻ ശ്രമിക്കുകയാണ്. രോഗവ്യാപനവും ചികിത്സയും നിലവിലുള്ള നിയന്ത്രണങ്ങൾക്ക് അതീതമാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞുതുടങ്ങിയതിൻെറ പ്രതിഫലനമാണിത്. മാനസികമായി കോവിഡിനോടൊപ്പം ജീവിക്കാൻ തുടങ്ങുന്നതിൻെറ ആദ്യപടികൂടിയാണിത്.

ജീവിതശൈലിയിലും ആനുപാതികമായ മാറ്റങ്ങൾ ഈ വിഷയത്തിൽ നമുക്ക് കാണാൻ കഴിയും. ലോക്ഡൗൺ അവസാനിക്കാൻ വേണ്ടി മാറ്റിവെച്ചിരുന്ന വിവാഹമടക്കമുള്ള ചടങ്ങുകൾ ഈ അടുത്ത ദിവസങ്ങളിലായി നടത്താൻ തുടങ്ങിയിരിക്കുന്നു. സുപരിചിതമായ വിവാഹ മാമാങ്കങ്ങൾ അവസാനിച്ചുകഴിഞ്ഞു. മരണവീടുകളിലെത്തി ചടങ്ങുകളിൽ പങ്കെടുക്കുകയും ബന്ധുക്കളെ നേരിട്ട് അനുശോചനം അറിയിക്കുകയും ചെയ്തിരുന്ന ശീലങ്ങൾ സ്വയം അപ്രത്യക്ഷമായി. ചെറിയ ശാരീരിക അസ്വസ്ഥതകൾക്കുപോലും ആശുപത്രികളെ ശരണംപ്രാപിച്ചിരുന്ന സ്വഭാവങ്ങളും ഭൂരിപക്ഷവും ഉപേക്ഷിച്ചുകഴിഞ്ഞു. അതുപോലെത്തന്നെ രോഗികളെ സന്ദർശിക്കാൻ ആശുപത്രി മുറികളിലേക്ക് പഴങ്ങളും ഭക്ഷ്യവസ്തുക്കളുമായുള്ള യാത്രയും ഓർമകളായി. ആരാധനാലയങ്ങളിലെ സന്ദർശനം നിർബന്ധമായിരുന്നവർ അതില്ലാതെ ഈശ്വരാരാധന നടത്താൻ ശീലിക്കുകയാണിപ്പോൾ.

അതേസമയംതന്നെ, മനുഷ്യൻ അവൻെറ പരിമിതമായ അറിവുകളെ വേദവാക്യമാക്കിക്കൊണ്ടുള്ള അശാസ്ത്രീയ രീതികളെ പിന്തുടരുന്ന സ്വഭാവം തുടരുകയാണ്. വീട്ടിൽ ഫിൽട്ടർ ചെയ്തതും തിളപ്പിച്ചാറിയതുമായ വെള്ളം മാത്രം കുടിക്കുന്നവർ പുറത്തിറങ്ങിയാൽ കാണുന്ന കടകളിൽനിന്നൊക്കെ ജ്യൂസും സർബത്തും മറ്റു പാനീയങ്ങളും കഴിച്ചിരുന്നതുപോലുള്ള അസംബന്ധങ്ങൾ അവർ ഇപ്പോഴും തുടരുകയാണ്.

നൂഡിൽസ് പോലുള്ള പാക്ക്ചെയ്ത ബ്രാൻഡഡ് ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായതിലും ഒന്നോരണ്ടോ ശതമാനം കൂടുതൽ അജിനമോട്ടോ പോലുള്ള രുചിദായക വസ്തുക്കൾ കണ്ടെത്തിയാൽ അതിനെ ബഹിഷ്കരിക്കുകയും അതേസമയം എല്ലാ വാരാന്ത്യത്തിലും കുടുംബസമേതം ഹോട്ടലുകളിൽ പോയി ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നതും ഈ ഗണത്തിൽപ്പെട്ട ഭൂരിപക്ഷമാണ്.

ഹോട്ടലുകളിലെ പാചകക്കാരൻ അയാളുടെ ഇഷ്ടത്തിന് വാരിവിതറിയ അജിനമോട്ടോ അടങ്ങിയ ഭക്ഷണം കഴിച്ചുകൊണ്ടായിരുന്നു പലരും നൂഡിൽസിനെ കുറ്റം പറഞ്ഞിരുന്നത്. ഇത്തരത്തിൽ പരസ്പരവിരുദ്ധവും വൈരുധ്യങ്ങൾ നിറഞ്ഞതുമായ ഒരു ജീവിതശൈലി എക്കാലത്തും സമൂഹത്തിൽ കണ്ടുവരാറുണ്ട്. പ്രത്യേകിച്ച് മലയാളികളിൽ.

ഏതാനും പതിറ്റാണ്ടുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഇതുവരെയുള്ള ആരോഗ്യഭീഷണിയല്ല കോവിഡ് -19 ഉയർത്തുന്നതെന്ന് തിരിച്ചറിയാനാവും. കൃത്യവും ശാസ്ത്രീയവുമായ മാർഗങ്ങളിലൂടെയല്ലാതെ ഈ സാഹചര്യത്തെ മറികടക്കാൻ പ്രയാസമാണ്. ചുരുങ്ങിയത്, ഫലപ്രദമായ ആൻറിവൈറസ് ഔഷധങ്ങളോ പ്രതിരോധ മരുന്നുകളോ (വാക്സിനുകൾ) കണ്ടെത്തുന്നതുവരെ. അതിനായി ഗൗരവമായ ചില ബോധവത്കരണങ്ങൾ ആവശ്യമായി വരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗൗരവമേറിയ വിഷയങ്ങളോട് സമൂഹം പുലർത്തുന്ന ലാഘവബുദ്ധിയോടെയുള്ള സമീപനം.

## ട്രോളുകളല്ല ജീവിതം

കോവിഡ് വ്യാപനത്തെത്തുടർന്ന് മാസ്കുകളുടെ ഉപയോഗം ജീവിതത്തിൻെറ ഭാഗമായതോടെ നിരവധി തെറ്റിദ്ധാരണകൾ വ്യക്തികളിൽ രൂപപ്പെട്ടിട്ടുണ്ട്. അതിലൊന്നാണ് മാസ്ക് ധരിച്ചാൽ രോഗപ്രതിരോധം പൂർണമായി എന്ന ധാരണ. മാസ്കുകളുടെ ഗുണനിലവാരം, അവ ഉപയോഗിക്കുന്ന രീതി എന്നിവ അടിസ്ഥാനപ്പെടുത്തി മാത്രമേ ഇക്കാര്യത്തിലുള്ള ഫലപ്രാപ്തിയെക്കുറിച്ച് എന്തെങ്കിലും പറയാനാവുകയുള്ളൂ. ഒരു വൈറസ് വാഹകനായ വ്യക്തിയുമായി നേരിട്ട് സാമൂഹിക അകലം പാലിച്ചുകൊണ്ട് സമ്പർക്കം പുലർത്തുമ്പോൾ ആ വ്യക്തിയുടെ ഉമിനീർകണങ്ങൾ വായുവിലൂടെ സഞ്ചരിച്ച് മറ്റൊരു വ്യക്തിയിൽ വൈറസ് എത്തുന്നതിനെ തടയുന്നതിനാണ് മാസ്ക് ധരിക്കാൻ വിദഗ്ധർ ഉപദേശിച്ചിട്ടുള്ളത്. രോഗവാഹകരായ വ്യക്തികൾ ആരെന്ന് അറിയാൻ കഴിയാത്തതിനാൽ പൊതു ഇടങ്ങളിലും ജോലിസ്ഥലങ്ങളിലും ഒന്നിച്ചുള്ള യാത്രകളിലും മാസ്ക് ഉപയോഗം നിർബന്ധമാണ്. ഓരോ തവണയും ശുചിയാക്കിയ മാസ്കുകൾ മാത്രം ഉപയോഗിക്കുകയും, തുടർച്ചയായി ആറുമണിക്കൂർ ഉപയോഗിച്ചാൽ അവ മാറ്റി പുതിയത് ധരിക്കുകയും വേണം. എന്നാൽ, ഒറ്റക്ക് നടക്കുമ്പോൾ മാസ്ക് ധരിക്കുകയും വ്യക്തികൾ കണ്ടുമുട്ടുമ്പോൾ മാസ്ക് താഴ്ത്തിവെച്ച് സംസാരിക്കുകയും ചെയ്യുന്നത് ഇന്ന് ഒരു പതിവ് കാഴ്ചയാണ്. ഈ അടുത്ത കാലത്ത് മാസ്കുകളുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ നിറഞ്ഞുതുളുമ്പിയ ട്രോളുകൾ ഈ സംവിധാനത്തെ ലാഘവബുദ്ധിയോടെ കാണുന്നതിൻെറ മികച്ച ഉദാഹരണമാണ്. ഈ മനോഭാവം അടിയന്തരമായി മാറ്റി, ഗൗരവത്തോടെയും ശാസ്ത്രീയമായും മാസ്കുകൾ ഉപയോഗിക്കാനും കൈകൾ വൃത്തിയാക്കാനും പഠിച്ചാൽ മാത്രമേ രോഗത്തെ ചെറിയ അളവിലെങ്കിലും അകറ്റിനിർത്താൻ കഴിയുകയുള്ളൂ.

## രോഗം എന്നെ ബാധിക്കില്ല എന്ന മനോഭാവം

ഞാൻ ചെയ്യുന്നതെല്ലാം ശരിയാണ്. അതുകൊണ്ട് രോഗം എന്നെ ബാധിക്കില്ല എന്ന മനോഭാവം നമ്മിൽ പലർക്കുമുണ്ട്. അതുകൊണ്ടാണ് രോഗഭീതികൊണ്ട് മറ്റുള്ളവരെ കാണുമ്പോൾ കൈകൂപ്പി അകലം പാലിക്കുകയും മടികൂടാതെ അവരുടെ മൊബൈൽ വാങ്ങിനോക്കുന്നതും. പണമിടപാട്, വാഹനങ്ങളുടെ ഭാഗങ്ങൾ, വാതിലുകളുടെ പിടിപോലെ പൊതു ഇടങ്ങളിൽ നിരന്തരമായി സ്പർശനമേൽക്കുന്ന ഭാഗങ്ങൾ എന്നിവയിലൂടെയെല്ലാം രോഗാണുക്കൾ പകരാനിടയുണ്ട്. എ.ടി.എമ്മുകൾ, ബാങ്കുകളുടെ കൗണ്ടർ, കടകളുടെ ഭാഗങ്ങൾ തുടങ്ങി രോഗവ്യാപനത്തിനുള്ള സാധ്യതകൾ ഏറെയാണ്. ഇതിനെയെല്ലാം അതിജീവിക്കുന്നതിനായി സൗകര്യമുണ്ടെങ്കിൽ മാത്രം സാനിറ്റൈസർ ഉപയോഗിച്ച് കൈവൃത്തിയാക്കുകയും പുറത്തുപോയി വന്നാൽ ഒന്നു കുളിക്കുകയും മാത്രമാണ് പലരും ചെയ്യുന്നത്. ഇതിലുള്ള അശാസ്ത്രീയത വിശദീകരിക്കേണ്ടതില്ലല്ലോ...?

## വസ്തുതകളെ ഗൗരവത്തിൽ സമീപിക്കുക

രോഗവ്യാപനവുമായി ബന്ധപ്പെട്ട വസ്തുതകളെ ഗൗരവത്തിൽ കണ്ട് ആവശ്യമായ മാറ്റങ്ങൾ ജീവിതശൈലിയിൽ വരുത്തുക മാത്രമാണ് കോവിഡിനോടൊപ്പം ജീവിക്കാനുള്ള ഏക മാർഗം. ഒരു ചെറിയ അലസതയാ വീഴ്ചയോ അവഗണനയോ അശ്രദ്ധയോ ആരെയും രോഗിയാക്കും എന്ന വസ്തുത അംഗീകരിക്കുകയും വിദഗ്ധരുടെ നിർദേശങ്ങൾ അതുപോലെ പാലിക്കുകയും ചെയ്താൽ മാത്രമേ ഒരു പരിധിവരെ നമുക്ക് രോഗത്തെ പ്രതിരോധിക്കാൻ കഴിയുകയുള്ളൂ.

## ശരീരത്തിൻെറ പ്രതിരോധ ശേഷി ശക്തമാക്കുക

ആരോഗ്യമുള്ള വ്യക്തികളെ അത്രവേഗത്തിൽ രോഗം കീഴടക്കില്ല എന്നത് ഒരു ശാസ്ത്രസത്യമാണ്. അഥവാ ഇത്തരം വ്യക്തികൾ രോഗബാധിതരായാലും ഗുരുതരമാകാതെ രോഗമുക്തരാകാനാകും. അതുകൊണ്ട് ബേക്കറി പലഹാരങ്ങൾ പോലുള്ള ശരീരത്തിന് ദോഷം ചെയ്യുന്ന ഭക്ഷണവസ്തുക്കൾ ഒഴിവാക്കി പഴങ്ങളും പച്ചക്കറികളും കൂടുതൽ അടങ്ങിയ സമീകൃത ആഹാരങ്ങളിലേക്ക് മാറുകയും വ്യായാമം, ശുചിത്വം എന്നിവ ദിനചര്യയാക്കുകയും വേണം. കൂടാതെ മദ്യം, പുകവലി, മറ്റു ലഹരിവസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നവർ അവ പൂർണമായി ഒഴിവാക്കി നഷ്ടമായ ആരോഗ്യം വീണ്ടെടുക്കണം. കൃത്യമായ വിശ്രമം, ഉറക്കം, മാനസിക ഉല്ലാസം എന്നിവയും ആരോഗ്യമുള്ള ശരീരത്തിന് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ തൽക്കാലം മാറ്റിവെച്ച് ആരോഗ്യത്തെക്കുറിച്ചും രോഗപ്രതിരോധ മാർഗങ്ങളെക്കുറിച്ചും ഗൗരവമായി ചിന്തിക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുക. അതുമാത്രമാണ് കോവിഡിനോടൊപ്പം മാത്രമല്ല വരാനിരിക്കുന്ന മഹാമാരികൾക്കൊപ്പവും ജീവിക്കാനുള്ള ഏകമാർഗം. ◆

let's watch

Netflix/The Forest

# നിഗൂഢവനത്തിലെ കൊലയാളി


“ ജൂലിയസ് ബെർഗ് സംവിധാനം ചെയ്ത ഫ്രഞ്ച് ടെലിവിഷൻ പരമ്പര ‘ലാ ഫോററ്റി’നെക്കുറിച്ച്

**സഫ്വാൻ റാഷിദ്**

നിഗൂഢതകൾ നിറഞ്ഞ കാടിനോട് ചേർന്നുള്ള ഒരു കൊച്ചുഗ്രാമം. അവിടത്തെ പൊലീസ് സ്റ്റേഷനിൽ പുതുതായെത്തിയ ഇൻസ്പെക്ടർ ഡക്കർക്ക് ആദ്യദിവസംതന്നെ പുതിയ കേസിൻെറ ചാർജെടുക്കേണ്ടിവരുന്നു. സ്കൂൾ പെൺകുട്ടിയുടെ ദുരൂഹത നിറഞ്ഞ തിരോധാനത്തിൻെറ അന്വേഷണമായിരുന്നു അത്.

പെൺകുട്ടിക്കായുള്ള അന്വേഷണം പുരോഗമിക്കവെ പൊലീസ് ഉദ്യോഗസ്ഥയുടെ മകളടക്കം രണ്ടു പെൺകുട്ടികളെക്കൂടി കാണാതാകുന്നു. അതോടെ, അന്വേഷണം കൂടുതൽ ഉദ്വേഗഭരിതമാകുകയും അടുത്തഘട്ടത്തിലേക്ക് കടക്കുകയും ചെയ്യുന്നു. ജൂലിയസ് ബെർഗ് സംവിധാനം ചെയ്ത ഫ്രഞ്ച് ടെലിവിഷൻ പരമ്പര ‘ലാ ഫോററ്റി’നെയാണ് (la foret) മുകളിൽ പരിചയപ്പെടുത്തിയത്. മികച്ച അഭിപ്രായം ലഭിച്ചതോടെ നെറ്റ്ഫ്ലിക്സ് ‘The Forest’ ആയി പരമ്പരയെ ഏറ്റെടുക്കുകയായിരുന്നു. ആറു എപ്പിസോഡുകൾ മാത്രമുള്ളതിനാൽ ഒരൽപം നീളക്കൂടുതലുള്ള സിനിമയെന്ന് The Forestനെ വിളിക്കാം.

പ്രവചനാത്മക സ്വഭാവമില്ലാതെ നെഞ്ചിടിപ്പേറ്റുന്ന രീതിയിൽ ചലിക്കുന്ന ഡാർക്ക് ത്രില്ലർ സ്വഭാവമാണ് സീരീസിനുള്ളത്. നിഗൂഢ സ്വഭാവമുള്ള കഥാപാത്രങ്ങളും ദുരൂഹത നിറഞ്ഞ കഥാപശ്ചാത്തലവും പശ്ചാത്തല സംഗീതവുമെല്ലാം സീരീസിനെ മികച്ച അനുഭവമാക്കുന്നു. ത്രില്ലർ പ്രേമികളെ തൃപ്തിപ്പെടുത്താനുള്ള ചേരുവകളാൽ സമ്പന്നമായ സീരീസിൻെറ മലയാളം സബ്ടൈറ്റിൽ എംസോണിലൂടെ ലഭ്യമാണ്. ◆




കത്തുകൾ



## കലഹം കലഹം പലവിധമുലകിൽ

വരേണ്യവർഗം കുത്തകയാക്കിവെച്ചിരുന്ന അറിവും സാഹിത്യവും കലകളുമൊക്കെ അവർണന് എക്കാലത്തും ബാലികേറാമലയായിരുന്നു. ജാതീയത എത്രയെത്ര പ്രതിഭകളെയാണ് തകർത്തുകളഞ്ഞത്. എന്നാൽ, അവരിൽ ചിലർ ഒഴുക്കിനെതിരെ നീന്തി ചരിത്രം കുറിച്ചു. ‘ഊഴിയിൽ ചെറിയവർക്കായി’ ചീരാമൻ രാമചരിതമെഴുതി. രാമായണ തർജമക്കു തുനിഞ്ഞ കണ്ണശ്ശരാമായണ കർത്താവ് നിരണത്ത് രാമപ്പണിക്കർക്കുപോലും ‘മനസി പൊറുക്ക മഹാജനമെല്ലാം’ എന്ന് പറയേണ്ടി വന്നിട്ടുണ്ട്. ‘ഏതും വല്ലാതവർ പിഴചൊന്നതുകൊണ്ടൊരു കാര്യവിരോധമെനിക്കിനി വാരാ’ എന്ന ആത്മധൈര്യത്തിലെത്തുന്ന അദ്ദേഹത്തിൻെറ സാഹസം ഇന്നു ചിന്തിക്കുമ്പോൾ അത്ഭുതംതന്നെ.

ജാതി, ശ്വാസം മുട്ടിച്ച് ഞെരിഞ്ഞമർന്നവരെത്ര! സമാന്തരമായി പ്രതിഷേധസൂചകമായി ഉയർന്നുവന്ന കീഴാളശബ്ദങ്ങളും കലാരംഗത്ത് സാധാരണക്കാരുടെ മനം കവർന്നു. ഗുരുദേവൻെറയും ആശാൻെറയും അയ്യൻകാളിയുടെയും പൽപ്പുവിൻെറയുമൊക്കെ ചരിത്രവും വ്യത്യസ്തമല്ല. കലാകാരനെയല്ല, കലയെയാണ് കാണേണ്ടതെന്ന വീക്ഷണം ജാതിമതാന്ധതയിൽ മുങ്ങിപ്പോയി. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അതിൻെറ ബഹിർസ്ഫുരണം ഒറ്റപ്പെട്ടും തെളിഞ്ഞും നമ്മുടെ സമൂഹത്തിലുണ്ടെന്നത് ഒരു വസ്തുതയാണ്. ലക്കം 1669 വാരാദ്യ മാധ്യമത്തിൽ താമരക്കുടി കരുണാകരൻ മാസ്റ്ററുടെ ജീവിതകഥ വായിച്ചപ്പോൾ അതൊക്കെ ഓർത്തുപോയി. ‘ജാതിഭേദം തുറന്നിട്ട തുള്ളൽവഴി’ എന്ന ഫീച്ചർ അവതരണത്തിലും ലേഔട്ടിലും മികവു പുലർത്തി.

**പി.എ. അബ്ദുൽ കരീം, തായിക്കാട്ടുകര, ആലുവ**

● വാരാദ്യ മാധ്യമം ലക്കം 1669ൽ സജി ശ്രീവത്സം, അജയകുമാർ എ. എന്നിവർ എഴുതിയ ‘ജാതിഭേദം തുറന്നിട്ട തുള്ളൽവഴി’ എന്ന ഫീച്ചർ ഓട്ടന്തുള്ളൽ എന്ന കലയിലൂടെ കടന്നുവന്ന താമരക്കുടി കരുണാകരൻ മാസ്റ്ററുടെ ജീവിതാനുഭവങ്ങൾ തുറന്നുകാട്ടുന്നു. ഓട്ടന്തുള്ളൽ എന്ന ജാലകലോകത്തിലേക്ക് വായനക്കാരെ നയിക്കാൻ ഫീച്ചറിന് സാധിച്ചു.

**സന റഷീദ് എ, ഇലിപ്പക്കുളം**

## കോവിഡ് കാലത്തെ ആരോഗ്യ ഗൈഡ്

ലക്കം 1669 വാരാദ്യ മാധ്യമം ആരോഗ്യ പക്തിയിൽ ഡോ. എസ്.കെ. സുരേഷ് കുമാർ എഴുതിയ ‘യാത്രകൾ അതിജീവനത്തിന് മാത്രമാകട്ടെ’ എന്ന ലേഖനം ഈ കോവിഡ് കാലത്ത് സമൂഹം കൂടുതൽ ശ്രദ്ധയും കരുതലും കൈക്കൊള്ളേണ്ടതിൻെറ അനിവാര്യത എടുത്തുകാട്ടുന്നതായി. വ്യക്തികളുടെ ശ്രദ്ധയില്ലായ്മയും ജാഗ്രതക്കുറവുംതന്നെയാണ് രോഗവ്യാപനം കൂടുന്നതിനു മുഖ്യ കാരണം. കോവിഡ് മഹാമാരിയെ ചെറുക്കാനുള്ള ആദ്യപടിയെന്ന നിലയിൽ ഓരോ വ്യക്തിയും സൂക്ഷ്മമായി പാലിക്കേണ്ട, ദൈനംദിന ജീവിതത്തിൽ കർശനമായി നടപ്പിൽ വരുത്തേണ്ട മാർഗനിർദേശങ്ങളടങ്ങിയ നല്ലൊരു ഗൈഡായി അനുഭവപ്പെട്ടു ലേഖനം.

**ദാവൂദ് പാനൂർ, കണ്ണൂർ**

## കൂലങ്കഷം ശ്രദ്ധേയം

ഒരു ചിത്രവും ചെറുവരികളുംകൊണ്ട് കുറെയേറെ ഉള്ളർഥങ്ങളും അതിലേറെ ചിന്തിപ്പിക്കുകയും ചെയ്യുന്ന വാരാദ്യ മാധ്യമത്തിലെ ‘കൂലങ്കഷം’ എന്ന പംക്തി ഏറെ ശ്രദ്ധേയമാണ്. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**എം.എം. നിയാസ് പരപ്പനങ്ങാടി**

## സുരങ്ക സാഹസം

വാരാദ്യ മാധ്യമം ലക്കം 1668ൽ പ്രസിദ്ധീകരിച്ച ‘സുരങ്ക സഞ്ചാരം’ എന്ന ഫീച്ചർ വായിച്ചു. ഇരട്ട ശിഖിരമുള്ള കമ്പും മെഴുകുതിരിയുമായി ഭൂമി തുരന്ന് ജീവജലം കണ്ടെത്തി പുറത്തെത്തിക്കുന്ന കുഞ്ഞമ്പുവിൻെറ അതിസാഹസിക ശ്രമങ്ങളെ വീർപ്പടക്കിയല്ലാതെ വായിച്ചുതീർക്കാനായില്ല. പലർക്കും അജ്ഞാതമായ ഈ പാരമ്പര്യ സാങ്കേതികവിദ്യയെ പരിചയപ്പെടുത്തിയത് ശ്ലാഘനീയംതന്നെ.

**പാലക്കാട്ട് അബ്ദുറഹ്മാൻ, വെട്ടം, തിരൂർ**

i

## ചലച്ചിത്ര അക്കാദമി ഫെലോഷിപ്: അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ ഫെലോഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാള സിനിമയുടെ ചരിത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗഹനമായ പഠനം നടത്തി ആറുമാസ കാലയളവിനുള്ളിൽ പ്രബന്ധങ്ങൾ സമർപ്പിക്കുന്ന 10 പേർക്കാണ് ഫെലോഷിപ് നൽകുക. 50,000 രൂപയാണ് ഫെലോഷിപ് തുക. സിനോപ്സിസിൻെറ മൂല്യനിർണയത്തിൻെറയും അഭിമുഖത്തിൻെറയും അടിസ്ഥാനത്തിൽ അർഹരായവരെ തിരഞ്ഞെടുക്കും. മലയാളത്തിലോ ഇംഗ്ലീഷിലോ സിനോപ്സിസുകൾ സമർപ്പിക്കാം. മലയാള സിനിമയുടെ ചരിത്രം, സംസ്കാരം, സാങ്കേതികത തുടങ്ങിയ വിഷയങ്ങളിലൂന്നിയ പ്രബന്ധസാരങ്ങളാണ് പരിഗണിക്കുക. ഗവേഷണത്തിന് അവലംബിക്കുന്ന രീതിശാസ്ത്രം സിനോപ്സിസിൽ വ്യക്തമാക്കിയിരിക്കണം.

അപേക്ഷകർക്ക് പ്രായപരിധിയില്ല. മുമ്പ് ചലച്ചിത്ര അക്കാദമിയിൽനിന്ന് ഫെലോഷിപ് ലഭിച്ചിട്ടുള്ളവർ അപേക്ഷിക്കേണ്ടതില്ല. വിശദമായ ബയോഡാറ്റ സഹിതമുള്ള അപേക്ഷകൾ 2020 ജൂലൈ 15നു മുമ്പായി cifrafellow@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭിച്ചിരിക്കണം. അക്കാദമിയുടെ മറ്റ് ഇ-മെയിൽ ഐഡികളിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ പി.ഒ, കഴക്കൂട്ടം, തിരുവനന്തപുരം 695 585 എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും രചനകൾ
ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം,
വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

കഥ



ചിത്രീകരണം: സജീവ് കീഴരിയൂർ

# അദൃശ്യ സഹയാത്രികൻ

## റസാഖ് വഴിയോരം

സ്വന്തമായി കണ്ടെത്തിയ വഴികളിലൂടെയാണ് എല്ലാ പുഴകളുമൊഴുകുന്നത്. പുഴയും 'കാല'വും ഒരുപോലെയാണ്; പിന്നോട്ടേക്കൊഴുകാൻ കഴിയാത്ത നിസ്സഹായ പ്രതിഭാസങ്ങൾ. കാലപ്രവാഹത്തിനു കരയിലിരുന്ന് സ്വച്ഛസ്മൃതികളുടെ ഒഴുക്ക് കാണുകയാണ്. ഒരിക്കൽ ഈ ഒഴുക്കിലലിഞ്ഞ് വിസ്മൃതിയുടെ ഇരുളിലൊടുങ്ങും മുമ്പ് ഓർമകളുടെദുർബലമായ പിടിവള്ളിയിൽ തൂങ്ങിപ്പിടിച്ചിരിക്കാൻ ഒരു സുഖം. ഒരു മഴക്കാലപ്പുലരിയിൽ ഞങ്ങൾ പുഴക്കരയിലെത്തി. വെള്ളം ചുവന്നുകലങ്ങിയിരുന്നു; നല്ല ഒഴുക്കും. പുഴവക്കത്തെ ചരിഞ്ഞ കരിങ്കൽഭിത്തിക്കു മുകളിൽനിന്ന് ഞങ്ങൾ താഴോട്ടുനോക്കി.ഞങ്ങൾ സാധാരണ അലക്കാറുള്ള വലിയ കല്ലുകൾ, കലങ്ങിയ വെള്ളത്തിൽ മുങ്ങിപ്പോയിരുന്നു. പുഴക്കുകുറുകെയുള്ള നടപ്പാലത്തിനു മുകളിൽനിന്ന് വെള്ളത്തിലേക്ക് ചാടാൻ നല്ല രസമായിരുന്നു. ഒഴുക്കിനോടൊപ്പം നീന്തി, പാലത്തിൻെറ സിമൻറ്തൂണിൽ പിടിച്ചുനിന്ന് കുട്ടികൾ ആർത്തുചിരിക്കും. മഴക്കാലത്ത് പാലത്തിനടിയിലെ കരിങ്കൽ ഭിത്തിക്കുമുകളിലൂടെ വെള്ളം കവിഞ്ഞൊഴുകും. പിന്നെ ഒരു വെള്ളച്ചാട്ടം പോലെ താഴ്ചയിലേക്കുപതിച്ച് പുഴ പതഞ്ഞൊഴുകും. സാഹസികരായ കുട്ടികളോടൊപ്പം അന്ന് പാലത്തിൽനിന്ന് വെള്ളത്തിലേക്ക് എടുത്തുചാടി. ശക്തമായ ഒഴുക്കിൽ പൊങ്ങിക്കിടന്ന് കൈകാലിട്ടടിച്ച് പാലത്തിൻെറ ഏതോ സിമൻറുകാലിൽ ഒരുവിധത്തിൽ പിടിച്ചുനിന്നു. പിടിവിട്ടുപോയാൽ താഴേക്കുപതിക്കുന്ന കുത്തൊഴുക്കിലേക്ക് അപ്രത്യക്ഷനാകും. പിടിവിടാതിരിക്കാൻ തണുത്തുമരവിച്ച കൈകൾക്കാവുന്നില്ല. സഹായിക്കാൻ അടുത്തൊന്നും കൂട്ടുകാരില്ല. മരണത്തിനു വിട്ടുകൊടുക്കാതെ, ജീവിതത്തിലേക്കുതന്നെ തിരിച്ചുകയറാൻ അന്നെനിക്കുനേരെ കൈനീട്ടിയ അദൃശ്യനായ ആ സഹയാത്രികൻ ആരായിരുന്നു? ആകസ്മികനിമിഷങ്ങളിൽ നമുക്കുനേരെ കരുതലിൻെറ കൈനീട്ടിത്തരുന്ന ഒരു അദൃശ്യനെ അനുഭവിക്കാത്തവരുണ്ടോ? മരണത്തിൻെറ കൈകളിൽനിന്ന് ജീവിതത്തിലേക്ക് തിരിച്ചുപിടിക്കുന്ന ഒരു രക്ഷകനെ സ്മരിക്കാത്തവരുണ്ടോ?

മരണത്തിന് റാഞ്ചിക്കൊണ്ടുപോകാൻ എത്രയെത്ര കാരണങ്ങളുണ്ടായിരുന്നു ചുറ്റിലും; എന്നിട്ടും ഞാനിപ്പോഴും! എൻെറ തൊട്ടുമുമ്പ്, മാതാവിൻെറ ഗർഭകോശത്തിൽ സൃഷ്ടിയുടെ സൂക്ഷ്മസ്പന്ദനങ്ങളറിഞ്ഞവനായിരുന്നു അവൻ; എൻെറ സഹോദരൻ.

മൂന്നു പെൺമക്കൾക്കു ശേഷം ഈ ഭൂമിയിലേക്കു വിരുന്നുവന്നവൻ. ഉമ്മയുടെ അഞ്ചാമത്തെ പ്രസവമടുത്തപ്പോൾ പതിവുപോലെ രണ്ടുമുറികൾ മാത്രമുള്ള വീട് പ്രസവമുറിയായി. പൊളിയില്ലാത്ത വാതിലിനു മറയായി വെള്ളത്തുണികൊണ്ടുള്ള വിരി തൂങ്ങി. 'നമ്പല'ത്തിൻെറ വേദന തുടങ്ങിയപ്പോൾ പേറ്റിച്ചിയെ തിരഞ്ഞ് ആളുപോയി. പാതിരക്കു തൊട്ടുമുമ്പായി, കുറ്റിച്ചൂട്ട് മിന്നി ചെരാങ്കുന്നിറങ്ങി പേറ്റിച്ചി വന്നു. പൊക്കിൾകൊടി മുറിക്കാനുള്ള മാറാങ്കത്തി മടിയിൽനിന്നെടുത്ത് ഉരക്കല്ലിലണച്ച് അവർ പ്രസവമെടുക്കാൻ കാത്തുനിന്നു. അയൽപക്കത്തുനിന്ന് സഹായത്തിനായി ആമ്മ വന്നു. മണ്ണുതേച്ച ഒറ്റമുറിത്തറയിലെ ഓലപ്പായയിൽ കിടന്ന് ഉമ്മ പ്രസവിച്ചു; ഒന്നല്ല, കാലത്തിൻെറ ചാക്രികതാളങ്ങളുടെ ഇടവേളകളിൽ അതേ മുറിയിൽ അതേ നിലയിൽ, ഒമ്പത് മക്കളെ! ഒമ്പത് കുഞ്ഞിക്കരച്ചിലുകളിൽ അഞ്ചാമത്തേതായിരുന്നു അവൻ, സുമുഖൻ. അവൻെറ കുഞ്ഞുസഹോദരനും സഹോദരിമാരും അവൻ മോണകാട്ടി ചിരിക്കുന്നത് കാണാൻ കൗതുകത്തോടെ ചുറ്റുമിരുന്നു. തെങ്ങോലകൊണ്ട് മറച്ചുണ്ടാക്കിയ മുറ്റത്തെ കുളിമുറിയിൽ, മൊച്ചിങ്ങ അരച്ചുണ്ടാക്കിയ കുഴമ്പ് തേച്ച്, കമുകിൻപാളയിൽ കിടത്തി അവനെ കുളിപ്പിച്ചു. ഒറ്റത്തിരിയുള്ള മണ്ണെണ്ണ വിളക്കിൻെറ അരണ്ട വെളിച്ചത്തിൽ ഉമ്മ അവനെ താരാട്ടുപാടിയുറക്കി. ഒന്നുരണ്ടാഴ്ചകൾ കഴിഞ്ഞപ്പോൾ പ്രസവത്തിൻെറ തലേ ദിവസത്തെപ്പോലെത്തന്നെ, ചെറിയ മക്കൾക്ക് ഭക്ഷണം വിളമ്പാൻ പതിവുപോലെ ഉമ്മ അടുക്കളയിൽ തിരക്കിലായി; വിശ്രമമില്ലാതെ! മൂന്നുമാസമായപ്പോൾ അവൻ ചില രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങി. മുലപ്പാൽ കുടിക്കാതെയായി; ശരീരത്തിനു നിറംമാറ്റം വന്നു; പനിയും. ബാഗ് കക്ഷത്തിലിറുക്കിപ്പിടിച്ച്, വെളുത്ത കുറ്റിത്താടിയുള്ള അസ്‌ലാൻ വൈദ്യരെത്തുമ്പോൾ ഏറെ വൈകിയിരുന്നു. "കുട്ടിൻെറ ബാപ്പേടെ അട്ത്തേക്ക് ഉടനെ ആളെ പറഞ്ഞയക്കണം, എത്രയും പെട്ടെന്ന് വരാൻ പറയണം..." വൈദ്യർ പറഞ്ഞു. പിറ്റേന്ന്, ദൂരെയേതോ സ്ഥലത്ത് ജോലിക്കുപോയ ബാപ്പ വന്നു. വൈദ്യർ ബാപ്പയോട് പറഞ്ഞു: "അവളറിയണ്ട, കവിഞ്ഞാൽ രണ്ടുദിവസംകൂടി..."

അത്യുഷ്ണമുള്ള ഒരു വേനൽക്കാല രാത്രിയിൽ, പാളകൊണ്ടുള്ള വീശറി വീശിക്കൊടുത്ത് ഉമ്മ കുഞ്ഞിനെയുമെടുത്തിരുന്നു. ശരിക്കൊന്നുറങ്ങീട്ട് രണ്ടുമൂന്ന് ദിവസമായിരുന്നതിനാൽ അവർ ഇടക്കിടക്ക് ഉറക്കത്തിലേക്ക് ആടിവീണുപോകുന്നുണ്ടായിരുന്നു. രാത്രി ഏറെ വൈകിയപ്പോൾ ഉമ്മയുടെ അടുത്തുവന്ന് ബാപ്പ പറഞ്ഞു: "നീ പോയി കൊറച്ച് കെടന്നോ... ഞാൻ നോക്കിയിരുന്നോളാം.." രാത്രിയുടേ ഏതോ നിശ്ശബ്ദയാമത്തിൽ കുഞ്ഞുമുഷ്ടികൾ ചുരുട്ടിപ്പിടിച്ച് അവൻ ഒന്നു കരഞ്ഞു. പാതി തുറന്ന മിഴികളിൽ ബാപ്പയുടേയും ഉമ്മയുടേയും മങ്ങിയ മുഖങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ട് അവൻ പോയി.

രണ്ടുവർഷങ്ങൾക്കുശേഷം അതേ മണ്ണുതേച്ച മുറിയിൽ അവൻെറ മുറിഞ്ഞുപോയ നിശ്വാസത്തിൽ തുന്നിച്ചേർത്താണ് എൻെറ ശ്വാസം തുടങ്ങുന്നത്. ഗർഭകൂടാരത്തിൻെറ ഭിത്തികളിൽ അവൻെറ കുഞ്ഞുനഖങ്ങൾ കോറിയിട്ട അവ്യക്ത ലിപികളാണ് ഞാൻ ആദ്യം വായിച്ച അക്ഷരങ്ങൾ.

അദൃശ്യ സഹയാത്രികാ... ജനിമൃതികളുടെ പൊരുളെന്താണെന്ന് ഇനിയെങ്കിലും എനിക്കു പറഞ്ഞുതന്നാലും. എൻെറ സഹോദരൻെറ കുഞ്ഞുകൈകളിൽ മരണം വന്നുതൊട്ടപ്പോൾ അവനുണ്ടായിരുന്ന അതേ രോഗം, ടൈഫോയ്ഡ്, പിന്നീടൊരിക്കൽ അതേ തീവ്രതയോടെ എനിക്കുമുണ്ടായില്ലേ. എന്നിട്ടും എന്തുകൊണ്ടാണ് ജീവിതത്തിൻെറ നേർവരമ്പുകളിലൂടെ അവനില്ലാതെ ഞാനിപ്പോഴും നടന്നുപോകുന്നത്?

നിശ്ശബ്ദതയിൽനിന്ന് അദൃശ്യൻെറ ശബ്ദമുയർന്നു: "ഒരാൾ പിറക്കുമ്പോൾ ഒരു മരണം ജനിക്കുന്നു; ജനനത്തിൻെറ മറ്റൊരു പേര്, മരണം." അദൃശ്യൻ തുടർന്നു :"സൃഷ്ടിസംഹാരങ്ങളുടെ യുക്തി എനിക്കറിയില്ല! ദേഹിയാൽ ഉപേക്ഷിക്കപ്പെടുന്ന ദേഹത്തിൻെറ പരിണിതിയും എനിക്കറിയില്ല! ഞാൻ വെറുമൊരു സഹയാത്രികൻ. എനിക്കറിയാത്തതെല്ലാം നിങ്ങൾക്കറിയാമല്ലോ." "ഞങ്ങൾക്കോ" ഞാനത്ഭുതപ്പെട്ടു. "അതെ, നാമങ്ങൾ പഠിപ്പിക്കപ്പെട്ടത് നിങ്ങൾക്കാണല്ലോ! നാമങ്ങളിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കുന്നവരും നിങ്ങൾതന്നെ! പക്ഷേ, ആത്മജ്ഞാനങ്ങൾ ഒളിച്ചിരിക്കുന്നത് പുസ്തകമടക്കുകളിലല്ല; ജീവിതത്താളുകളിലാണെന്ന് നിങ്ങളറിയാതെപോയതെന്തേ?" "എനിക്കൊന്നും മനസ്സിലാകുന്നില്ല സഹയാത്രികാ!"


അയാൾ എൻെറ ഭൂതകാലപുസ്തകം കൈയിലെടുത്ത് താളുകൾ മറിച്ചുതുടങ്ങി. നിനക്കറിയാത്തതെല്ലാം ഈ താളുകളിൽ കുറിച്ചുവെച്ചിട്ടുണ്ടല്ലോ. മിന്നിമറിഞ്ഞ പേജുകളിലൊന്നിലേക്ക് നോക്കി സഹയാത്രികൻ ചോദിച്ചു: "ഇവരെ അറിയാമോ?" "ങും.." ഞാൻ തലയാട്ടി. "ഇവർ ഒരേ ഉദരത്തിൽ ജനിച്ചവർ..! അനന്തരം ലഭിച്ച മണ്ണ് പങ്കുവെച്ചപ്പോൾ വിഹിതത്തിൻെറ തോത് നോക്കി കലഹിച്ചുനിന്നവർ; രക്തബന്ധം മുറിച്ചവർ..!" സഹയാത്രികൻ ചോദിച്ചു: "അർഹമായ വിഹിതം അനുഭവിക്കാനാവാതെ, അകാലത്തിൽ മരണം അവരെ തേടിവന്നപ്പോൾ അവർ കുറിച്ചുവെച്ച വിലാപത്തിൽനിന്ന് നീ 'അറിവ്'റിയുന്നുണ്ടോ..?" "ങും" ഞാൻ തലയാട്ടി.

"ഭൂതകാലത്തിൻെറ ഓരോ പേജുകളിൽനിന്നും ഓർമകൾ വായിച്ചെടുക്കുമ്പോൾ നിനക്ക് ആത്മവിചാരമുണരും; അതാണ് ആത്മജ്ഞാനത്തിലേക്കുള്ള വഴി..." സഹയാത്രികൻ മന്ദഹസിച്ചു: "ഓരോരുത്തരുടേയും കണ്ണുകളിൽ തങ്ങിൽക്കുന്ന കാഴ്ചകൾ അവരവർക്കു സ്വന്തം. എത്ര വർണിച്ചാലും മറ്റുള്ളവർക്കത് അപൂർണം. നിന്നെ തഴുകിപ്പോയ കാലദേശങ്ങൾ, നിനക്കു തണലായിനിന്ന കുടുംബവൃക്ഷങ്ങൾ, ആത്മബന്ധങ്ങൾ എല്ലാം വിശിഷ്ട നിധികളാണ്. അവർ ഓർമകളിൽ ബാക്കിവെച്ചതെല്ലാം പിറകെ വരുന്നവർക്കായി നീ അടുക്കിവെക്കുക. നിൻെറ കണ്ണുകളിൽ പതിഞ്ഞത് നീ മാത്രം കണ്ടെടുത്ത നിധി." ശ്ലഥചിന്തകളുടെ ഒഴുക്കുനിലച്ചു; ഉയർച്ചയിൽനിന്ന് താഴ്ചയിലേക്ക് ജലമൊഴുകി; പുഴയൊഴുകി; കഥയൊടുങ്ങാതെ പകലൊടുങ്ങി.

◆

കൂലങ്കഷം

വരി: മെഹദ് മഖ്ബൂൽ വര: യാസിർ മുഹമ്മദ്



*ഏറെ കുത്തേറ്റും*
*വേദന സഹിച്ചും*
*കിട്ടുന്നത് കൊണ്ടാകും*
*ചിലതെല്ലാം ഇത്ര മധുരം !*


പുസ്തകം



**ചില യാത്രകൾ ചില അനുഭവങ്ങൾ (യാത്ര)**

സേതു
പേജ്: 124, വില: 150.00
ഡി.സി ബുക്സ്

വിവിധ ദേശങ്ങളിലൂടെ ഒരു കഥാകാരൻെറ യാത്രകൾ. ദേശചരിത്രവും ദേശവർത്തമാനവും സ്ഥലരാശിയുടെ സവിശേഷതകളും അനുഭവങ്ങളും ചേർന്ന എഴുത്ത്.



**ഉള്ളിൽനിന്നുള്ള ഉറവകൾ (ഓർമ)**

സുധാ മൂർത്തി
വിവ: ഷബിത എം.കെ
പേജ്: 182, വില: 199.00
ഡി.സി ബുക്സ്


സാമൂഹികപ്രവർത്തകയും കന്നടകഥാകൃത്തുമായ സുധാമൂർത്തിയുടെ ഓർമക്കുറിപ്പുകളുടെ സമാഹാരം. സ്വജീവിതത്തിൽ നിന്നു പകർന്നെടുത്ത താളുകൾ.



**ഒരു ലൈംഗികത്തൊഴിലാളിയുടെ പ്രണയപുസ്തകം (ആത്മകഥ)**

നളിനി ജമീല
തയാറാക്കിയത്:
ശ്രീകല മുല്ലശ്ശേരി
പേജ്: 158, വില: 199.00
ഡി.സി ബുക്സ്

പ്രണയവും ലൈംഗികതയും മനുഷ്യബന്ധങ്ങളും സ്വന്തം അനുഭവങ്ങളിലൂടെ നോക്കിക്കാണുകയാണ് ലൈംഗികത്തൊഴിലാളി കൂടിയായ നളിനി ജമീല.




**Uniting India Protests Against CAA, NPR, NRC (Essays)**

Editor: Ram Puniyani
Page: 177, Price: 270.00
The Book People


പൗരത്വ ഭേദഗതി നിയമം, ദേശീയ പൗരത്വ പട്ടിക എന്നിവക്കെതിരെ ഇന്ത്യയിലെങ്ങുമുയർന്ന പ്രതിഷേധ സ്വരങ്ങളാണ് ഇതിൻെറ ഉള്ളടക്കം. പ്രമുഖരായ 19 പേരുടെ ലേഖനങ്ങൾ.



**വരൂ, ഈ ചിറകിലൊളിക്കൂ (സെൽഫ് ഹെൽപ്)**

പി.എം.എ. ഗഫൂർ
പേജ്: 64, വില: 70.00
ഐ.പി.എച്ച്

കനമില്ലാത്ത, അതിലളിതമായ വാക്കുകളാൽ ഹൃദയത്തെ ഉണർത്തുന്ന കഥകളും ഓർമകളും ആലോചനകളും.



**അഭിപ്രായ സ്വാതന്ത്ര്യം, ദൈവനിന്ദ, സെക്കുലർ വിമർശനം (പഠനം)**

തലാൽ അസദ്
വിവ: സി.കെ. അബ്ദുൽ അസീസ്
പേജ്: 63, വില: 75.00
ഐ.പി.എച്ച്

മത വിമർശനം അഭിപ്രായ സ്വാതന്ത്ര്യവും അതിനെതിരായ മത പക്ഷത്തുനിന്നുള്ള വിമർശനം അസഹിഷ്ണുതയുമായി വ്യാഖ്യാനിക്കുന്നതിനെ ചോദ്യംചെയ്യുന്നു.



**അമ്മ അറിയരുത് അസംബ്ലിയിൽ പറയരുത് (ലേഖനം)**

എ.കെ. മൊയ്തീൻ
പേജ്: 168, വില: 190.00
പുലിറ്റ്സർ ബുക്സ്

വായനയിലൂടെയും ജീവിതത്തിലൂടെയും അറിഞ്ഞ അനുഭവങ്ങൾ പങ്കുവെക്കുന്നു. രണ്ടു ഭാഗങ്ങളിലായി 34 ലേഖനങ്ങൾ.



**എൻെറ ഗ്രാമകഥകൾ (കഥ)**

ഉണ്ണികൃഷ്ണൻ പുതൂർ
പേജ്: 121, വില: 150.00
ഒലിവ്

ഗ്രാമവും ഓർമകളും നിറഞ്ഞുനിൽക്കുന്ന കഥകൾ. എൻെറ ഗ്രാമം, കണിക്കൊന്ന പൂക്കൾ, ആത്മാനുഭൂതികൾ തുടങ്ങി 15 കഥകൾ.

കവിത



# ശസ്ത്രക്രിയ

## സുറാബ്

ഒരു പെൺകുട്ടി പൂവുമായി വരുന്നു.
പൂ എനിക്കു തരുന്നു.
അവൾ മടങ്ങിപ്പോകുന്നു.
ഞാൻ ശ്മശാനത്തിലാണ്.
പരേതർക്ക് എന്തിനാണ് പൂ?
പൂവ് പറയുന്നു,
'ഞാനാണ് ആ പെൺകുട്ടി.
മണത്തു നോക്കൂ...'
അതെ, ഇതെൻെറ കണ്ണാണ്.
മരിക്കുംമുമ്പ് ദാനം ചെയ്തത്.
അവൾ എന്നെ കാണുന്നു, കരയുന്നു.
ഇവിടെ ഓരോ കല്ലറയിലും പൂക്കളുണ്ട്.
പ്രിയപ്പെട്ടവരുടെ ഓർമകൾ, കണ്ണീരുകൾ.
ഇന്ന് എൻെറ ആണ്ടുദിനം.
ഓരോ ചരമദിനവും
ജന്മദിനത്തെക്കാൾ ശ്രേഷ്ഠം.
മരിച്ചവരുടെ കൂട്ടുകാരാണ് പൂക്കൾ.
മരിച്ചവരും ജീവിക്കുന്നവരും തമ്മിലുള്ള ബന്ധം.
ബന്ധുക്കളാരും എന്നെത്തേടി വരുന്നില്ല.
ഞാനാ പെൺകുട്ടിയിൽ ജീവിച്ചിരിക്കുന്ന കാര്യം
അവരാരും അറിയുന്നില്ലേ?
അവരൊന്നും കാണുന്നില്ല.
അവളുടെ കണ്ണിലെ വെളിച്ചം
ഞാൻ കാണുന്നു.

◆

വായന

# വി.കെ.എൻ എന്ന ഭൂതത്തിൻെറ വർത്തമാനങ്ങൾ


## രാധാകൃഷ്ണൻ തിരൂർ

ആരെയെങ്കിലും അനുകരിക്കുകയോ ആരാലെങ്കിലും അനുകരിക്കപ്പെടുകയോ ചെയ്യാത്ത ഒരപൂർവ ഭാഷയുടെ സ്രഷ്ടാവായിരുന്നു വി.കെ.എൻ. ബൗദ്ധികതലത്തിൽ മാത്രം എട്ടുനിലയിൽ പൊട്ടുന്ന ഹാസ്യവും അദ്ദേഹത്തിൻെറ മാത്രം പ്രത്യേകതയായിരുന്നു. എഴുത്തിൽ മാത്രമല്ല, ജീവിതത്തിലുടനീളവും ഈ ബൗദ്ധികനിലവാരമുള്ള ഹാസ്യം കൊണ്ടുനടക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഈ 'കഥ' കേട്ടുനോക്കൂ.

ഒരിക്കൽ ഡൽഹിയിൽനിന്ന് അവധിക്ക് വന്നപ്പോൾ കോഴിക്കോട്ടെത്തിയ വി.കെ.എൻ 'മാതൃഭൂമി'യിലേക്ക് ഫോൺ ചെയ്തു. ഫോണെടുത്ത റിസപ്ഷനിലെ പെൺശബ്ദത്തോട് വി.കെ.എൻ ചോദിച്ചു: വാസുവുണ്ടോ..?

-വാസുവോ..?
-അതെ വാസു എന്നല്ലേ ഇപ്പോഴും വാസുവിൻെറ പേര്..?
-വാസു എന്നൊരാൾ ഇവിടെയില്ലല്ലോ.
-വാസു ഇല്ല അല്ലേ. എം.ടിയുണ്ടോ..?
-ഉവ്വ്. അദ്ദേഹം എത്തിയിട്ടില്ല.
-ഇന്ന് വരുമോ..?
-വരും. ആര് വിളിച്ചു എന്ന് പറയണം..?
- വാസ്കോ ഡി ഗാമ.
(ഫോണിൽ കുറച്ചുനേരം ശബ്ദമില്ല)
-ആര് സർ? പെൺശബ്ദം അമ്പരപ്പോടെ.
-വാസ്കോ ഡി ഗാമ. കേട്ടിട്ടില്ലേ..?
-കേട്ടിട്ടുണ്ട്. പക്ഷേ ഇവിടെ..?
-അതെ. മഹാറാണിയിലാണ്. വാസു വരുമ്പോൾ പറയണം. വാസ്കോ ഡി ഗാമ മഹാറാണിയിൽ കപ്പലിറങ്ങിയിട്ടുണ്ടെന്ന്.
-പറയാം സർ. ആശയക്കുഴപ്പത്തിൽ പെൺശബ്ദം സമ്മതിച്ചു.
എം.ടി. വാസുദേവൻ നായർ വന്നപ്പോൾ റിസപ്ഷനിസ്റ്റ് ഈ ഡയലോഗ് പറയാതെ അറിയിച്ചു.
-ഒരാൾ അന്വേഷിച്ച് വിളിച്ചിരുന്നു.
-ആര്..?
അവൾ ഒന്നും പറയാതെ നിന്നു.
-പേരു പറഞ്ഞില്ലേ..?
-പറഞ്ഞു.
-മറന്നുപോയോ..?
അവൾ മടിച്ചുമടിച്ച് ഒരു വിഡ്ഢിത്തം പോലെ പറഞ്ഞു.
-വാസ്കോ ഡി ഗാമ എന്നാണ് പറഞ്ഞത്.
എം.ടി ഉറക്കെ ചിരിച്ചു. ചിരിക്കാത്ത മനുഷ്യൻ ചിരിക്കുന്നതു കണ്ട് റിസപ്ഷനിസ്റ്റ് വനിത ഒന്നുകൂടി അമ്പരന്നു.
-വാസ്കോ ഡി ഗാമ പിന്നെന്തു പറഞ്ഞു..?
-ഹോട്ടൽ മഹാറാണിയിൽ കപ്പലിറങ്ങിയിട്ടുണ്ടെന്ന്.

എം.ടിക്ക് ഉടൻ കഥാസാരം പിടികിട്ടി. മഹാറാണിയിൽ കപ്പലിറങ്ങുന്ന ഒറ്റ വാസ്കോ ഡി ഗാമയേ ഈ ലോകത്തുള്ളൂ! വന്ന കാറിൽതന്നെ എം.ടി മഹാറാണിയിലേക്ക് തിരിച്ചു.



**'മുക്തകണ്ഠം വി.കെ.എൻ'**

കെ. രഘുനാഥൻ
പേജ്: 416 വില: 550
ലോഗോസ് ബുക്സ്

ഇതൊരു സംഭവകഥയാണ്. വി.കെ.എൻ എന്ന എഴുത്തുകാരനെക്കുറിച്ച് കെ. രഘുനാഥൻ എഴുതിയ 'മുക്തകണ്ഠം വി.കെ.എൻ' എന്ന ജീവിതാഖ്യായികയിലാണ് ഈ വിവരണമുള്ളത്. വി. കെ.എൻ എന്ന എഴുത്തുകാരൻെറ കൃതികളെക്കുറിച്ചും എഴുത്ത് ശൈലിയെക്കുറിച്ചും മാത്രമല്ല, എഴുത്തുകാരനിലെ മനുഷ്യനെക്കുറിച്ചും വിശദമായി പറയുന്ന ഒരു പുസ്തകമാണിത്. ഒരു 'വി.കെ.എൻ കൃതി'പോലെത്തന്നെ ഒറ്റയിരിപ്പിൽ വായിപ്പിക്കുന്നത്.

വടക്കേ കൂട്ടാല നാരായണൻ നായർ എന്ന വി.കെ.എന്നിൻെറ യൗവനവും വാർധക്യവും, മനസ്സും ശരീരവും, ചിരിയും ചിന്തയും, ദുഃഖവും സന്തോഷവും, രഹസ്യവും പരസ്യവും എല്ലാം ഒപ്പിയെടുത്ത് വായനക്കാരന് നൽകുകയാണിവിടെ. ചുരുക്കിപ്പറഞ്ഞാൽ വി.കെ.എൻ എന്ന സാഹിത്യത്തിലെ ഭൂതത്തിൻെറ വർത്തമാനങ്ങൾ ഇവിടെ മുക്തകണ്ഠം വായിക്കാം.

വി.കെ.എന്നിൻെറ കടുത്ത ആരാധകർക്കും അടുപ്പക്കാർക്കും അറിയാത്ത നിരവധി വിവരങ്ങളോടൊപ്പം ഗ്രന്ഥകർത്താവുതന്നെ ഒളിഞ്ഞും തെളിഞ്ഞും സാക്ഷിയായും അനുഭവസ്ഥനായും ഇതിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഡൽഹി ജീവിതം, അതിനുമുമ്പ് ദേവസ്വം വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന കാലത്തെ കാര്യങ്ങൾ, തിരിച്ച് തിരുവില്വാമലയിൽ എത്തിയശേഷം മരിക്കുന്നതു വരെയുള്ള വിവരങ്ങൾ... എന്നിവയെല്ലാം ഇതിൻെറ താളുകളിലുണ്ട്. അതേസമയം, ഒരെഴുത്തുകാരൻെറ ജീവചരിത്രമല്ല ഈ താളുകളിലുള്ളത്. മറിച്ച്, ഇതുവരെ ഒരാളുടെ കൃതികളിലൂടെ മാത്രം ഊഹിച്ചെടുത്തിരുന്ന എഴുത്തുകാരനെക്കുറിച്ചുള്ള സങ്കൽപങ്ങൾ എത്രത്തോളം ശുഷ്കമായിരുന്നു എന്ന് വായനക്കാരനെ ബോധ്യപ്പെടുത്തുകയും ആശ്ചര്യപ്പെടുത്തുകയും ചെയ്യുന്ന ഒരു അപൂർവ സൃഷ്ടികൂടിയാണിത്.

വി.കെ.എൻ എന്ന വ്യക്തിക്ക് മലയാളത്തിലെ മറ്റ് എഴുത്തുകാരുമായുള്ള ബന്ധങ്ങളെക്കുറിച്ചും അവരുടെ കൂടിച്ചേരൽ വേളകളിലെ അതീവ രസകരമായ സംഭവങ്ങളും സംഭാഷണങ്ങളും അതിൻെറ രസം ഒട്ടും ചോർന്നുപോകാതെ രഘുനാഥൻ വിവരിക്കുന്നുണ്ട്. ഇതൊക്കെ എഴുത്തിൻെറ ഉയർന്ന നിലവാരത്തെ കാംഷിക്കുന്ന വായനക്കാരെ വലിയതോതിൽതന്നെ തൃപ്തിപ്പെടുത്താതിരിക്കില്ല.

തൻെറ ഒരു നോവലിൻെറ മുഖവുരയായി 'വരയുടെ പരമശിവനായ വാസ്വേവൻ നമ്പൂരിയുടെ വരകൾക്കുള്ള അടിക്കുറിപ്പാണ് ഈ പുസ്തകം' എന്ന് വി.കെ.എൻ എഴുതിയിട്ടുണ്ട്. രേഖാചിത്രങ്ങളിലൂടെ കഥാ-നോവൽ സാഹിത്യത്തെ പ്രത്യേകതലത്തിലേക്ക് ഉയർത്തിയ ആർട്ടിസ്റ്റ് നമ്പൂതിരിയെക്കുറിച്ചാണ് അദ്ദേഹം ഇങ്ങനെ എഴുതിയത്. ഈ പുസ്തകത്തിന് ആമുഖമെഴുതിയതും നമ്പൂതിരിയാണ്. ഒരു ചിത്രകാരൻ എഴുത്തുകാരനെ എത്രമാത്രം സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ട് എന്ന അത്ഭുതവും ഈ ആമുഖത്തിൽ കാണാം. 'ലിറ്ററി ജേണലിസം' എന്ന കള്ളിയിൽ എന്നല്ല ഒരു കള്ളിയിലും ഒതുങ്ങാത്തത്രയും വ്യത്യസ്തമാണ് ഈ പുസ്തകം.

◆

പാട്ടോരം

# ആത്മാന്വേഷണങ്ങളുടെ പാട്ടുകാരൻ

**“സൂഫീ ശ്രേണിയിലുള്ള പാട്ടുകൾ തേടിപ്പിടിച്ചാണ് തവക്കൽ മുസ്തഫയുടെ പാട്ടുയാത്ര. അയ്യായിരത്തോളം പാട്ടുകൾ മനഃപാഠമാക്കി, ഈണം നൽകി പാടിക്കൊണ്ടേയിരിക്കുന്നു അയാൾ. നാലു ദശകത്തോളമെത്തിയ തവക്കൽ മുസ്തഫയുടെ പാട്ടുജീവിതത്തിലൂടെ...**


• തവക്കൽ മുസ്തഫ

**അസ്സലാം പി.**

“പലരും നമ്മളെ മക്കാറാക്കണ്
തുടരും ഞാനീ പോക്ക്
പലരും ഞമ്മളെ പിരാന്തനാക്കണ്
പറയും ഞാനീ ഹഖ്”

ഈ വരികൾ ശബ്ദവാദ്യങ്ങളുടെ അകമ്പടിയോടെ മലയാളി വ്യാപകമായി കേട്ടുതുടങ്ങിയത് അടുത്തിടെയാകും. ഒരുപക്ഷേ, സമൂഹ മാധ്യമങ്ങളുടെ വികാസത്തിനു ശേഷം. അതിനുമെത്രയോ മുമ്പ് ഇത്തരം പാട്ടുകൾ പലരുടെയും നാവിൻതുമ്പിലുണ്ട്. മനസ്സുകളിൽനിന്ന് മനസ്സുകളിലേക്ക് ഒഴുകിയ പാട്ട്. കാലത്തിനും മുമ്പേ വരികളിൽ വെളിച്ചമായ എഴുത്തുകൾ, പാട്ടുകാർ. പാട്ടിനെ വെറും പാട്ടായി കാണാതെ കാലത്തോട് ചിലത് ഓർമിപ്പിച്ചവർ, അവദൂതന്മാർ. മുകളിലെ വരികളിൽ പറഞ്ഞപോലെ കളിയാക്കലിനും പിരാന്തനാക്കപ്പെടുന്നതിനുമിടയിൽ അതൊട്ടും ഗൗനിക്കാതെ ജീവിതപ്പൊരുൾ പാടിയും പറഞ്ഞും പല വഴിയെ അവർ നടന്നുനീങ്ങി, മലയാളത്തിലെ ഗാനശാഖയിൽ ആ പേരുകൾ വേണ്ടവിധം രേഖപ്പെടുത്തപ്പെടുകയോ അറിയപ്പെടുകയോ ഉണ്ടായില്ലെങ്കിലും!

ഇച്ചമസ്താൻ, കെ.വി. അബൂബക്കർ മാസ്റ്റർ, എസ്.കെ. അബ്ദുറസാഖ് ഹാജി, സയ്യിദ് ഇമ്പിച്ചിക്കോയ തങ്ങൾ, കടായിക്കൽ നല്ലാപറമ്പൻ പുലവർ മൊയ്തീൻകുട്ടി ഹാജി തുടങ്ങിയവർ അവരിൽ ചിലരാണ്. സൂഫി-മിസ്റ്റിക് ശൈലിയിലുള്ള വരികളിലൂടെ ഇവർ ഭൗതികതയെ ആത്മീയ ധാരകളുമായി സമന്വയിപ്പിച്ചു. ചെന്നെത്തുന്ന ഇടങ്ങളിൽ, ചെറുകൂട്ടങ്ങളിൽ പാട്ടുമായി ചുറ്റിക്കറങ്ങി. വരികളിലെ ആന്തരിക പ്രഭാവത്തെ ഉൾക്കൊള്ളാനോ പിടികിട്ടാത്തതിനാലോ ആകാം മലയാളിപൊതുസമൂഹത്തിൻെറ ആസ്വാദന ചുറ്റുവട്ടത്ത് ഇവ വ്യാപകമല്ലാതിരുന്നത്. സ്വന്തം സൃഷ്ടികൾ വേണ്ടവിധം രേഖപ്പെടുത്താൻ ചിലർ തുനിഞ്ഞതുമില്ല. നടന്നുനീങ്ങിയ വഴിയിലെ പാറകളിലും ചുവരുകളിലും വരഞ്ഞിട്ട ഇച്ചമസ്താൻെറ വിരുത്തങ്ങൾ പോലെ (ദീർഘകാലം അവ അങ്ങനെ കിടന്നു) അവ ചെറുവൃത്തങ്ങളിൽ ഒതുങ്ങി. ഇത്തരത്തിൽ വേറിട്ട വഴിയിൽ പാട്ടിനെ/എഴുത്തിനെ സമീപിച്ച എത്രയോ പേരുണ്ട്.

ഇത്തരം പാട്ടുകൾ തേടിപ്പിടിച്ച് ആ വരികളിലൂടെയാണ് തവക്കൽ മുസ്തഫയുടെ പാട്ടുയാത്ര. വേറിട്ട ഗാനങ്ങളുടെ പാട്ടുകാരൻ. ഒരു ലക്ഷത്തോളം പാട്ടുകളുടെ സൂക്ഷിപ്പുകാരൻ. അയ്യായിരത്തോളം പാട്ടുകൾ മനഃപാഠമാക്കിയയാൾ. അവക്ക് ഈണം നൽകി പാടിക്കൊണ്ടേയിരിക്കുന്നയാൾ. നാലു ദശകത്തോളമെത്തിയ പാട്ടുജീവിതത്തിലൂടെ മലയാളം സൂഫി-ഖവാലി ഗാനധാരയെ മുസ്തഫ മറ്റൊരു തലത്തിലേക്കാണ് നയിച്ചത്. മലയാളത്തിൽ സൂഫി-ഖവാലി ഗാനസദസ്സുകൾ വെള്ളിവെളിച്ചത്തിലേക്ക് പ്രവേശിക്കുന്നതിനും എത്രയോ മുമ്പ് കരയും കടലും കഥപറയുന്ന കടലുണ്ടിയിൽനിന്ന് തുടങ്ങിയ യാത്ര.

സൂഫിയാക്കളുടെ കൂടെ സഞ്ചരിച്ച പിതാവ് കെ.പി. മൊയ്തീനിൽനിന്നാണ് മുസ്തഫയിലെ പാട്ടുകാരൻ ഉടലെടുക്കുന്നത്. കെ.വി. അബൂബക്കർ മാസ്റ്റർ, കടായിക്കൽ പുലവർ മൊയ്തീൻകുട്ടി ഹാജി, എസ്.കെ. അബ്ദുറസാഖ് ഹാജി തുടങ്ങിയവരുടെ സതീർഥ്യനായിരുന്നു കെ.പി. മൊയ്തീൻ. ഒരുവടിയിൽ ഇരുഭാഗത്തും രണ്ട് കുട്ടകൾ. ഒരു കുട്ടയിൽ മരുന്നുകൾ മറ്റൊന്നിൽ ഹാർമോണിയം. ഈ രൂപത്തിൽ കടലുണ്ടിയിലെത്തിയിരുന്ന എസ്.കെ. അബ്ദുൽ റസാഖിൻെറ കഥയും പാട്ടും പിതാവിലൂടെ മുസ്തഫ കേട്ടു. ആത്മയാനങ്ങളുടെ ഇടത്താവളമായിരുന്നു അബ്ദുൽ റാസാഖ് മസ്താന് കടലുണ്ടി. അന്ന് കഴിയാനുള്ളത് കിട്ടുംവരെ മരുന്ന് വിൽക്കും. പിന്നെ മുഴുവൻ പാട്ടായിരുന്നു. കടൽ കടന്ന് ലക്ഷദ്വീപിലെ ദോലിപാട്ടുകളിൽ വരെയെത്തിയ വരികൾ. കടലുണ്ടിയിൽ കെ.പി. മൊയ്തീനായിരുന്നു അതിനു കൂട്ട്. പിതാവ് പറഞ്ഞുപറഞ്ഞ് മുസ്തഫക്കും അബ്ദുറസാഖ് പ്രിയപ്പെട്ടവനായി. അബ്ദുറസാഖ് ഹാജിയുടെ പാട്ടുകൾ തേടിപ്പിടിച്ച് പാടി മുസ്തഫയും അലഞ്ഞു.

‘ഹഖ് അറിവായോർക്കേറ്റം ആനന്ദമേ
ഹാ ഹൂ എന്ന ഹാറതിൽ നീരാടുമേ
ഹഖ് കാട്ടിതരും മുറബ്ബിയെ തേടുമേ
ഹാല് തന്നിൽ അറിഞ്ഞിടും
ആ നേരമേ’

എന്ന അബ്ദുറസാഖ് ഹാജിയുടെ വരികൾ മുസ്തഫ പാടുമ്പോൾ സത്യം അറിയുന്നതിൻെറയും അതിലൂടെ സ്വയമറിയുന്നതിൻെറയും ആനന്ദം നമുക്കുള്ളിലും വിടരും. പാട്ടിനൊപ്പം നമ്മളും ആത്മാന്വേഷകരാകും.

കേരളത്തിലെ ഉമർ ഖയ്യാം എന്നറിയപ്പെടുന്ന സൂഫിവര്യനും ആധ്യാത്മിക കവിയും ദാർശനികനുമായിരുന്ന ഇച്ച അബ്ദുൽ ഖാദർ മസ്താനെ മലയാളി കേട്ടുതുടങ്ങിയത് മുസ്തഫയിലൂടെയാണ്. 37 വർഷം മുമ്പ് ഇച്ചയുടെ ‘ബിസ്മില്ലാഹി റഹ്മാനി റഹീം ആമിന’ എന്ന വരികൾ ഈണം നൽകി പാടി. അതു പിന്നെ പലരും ഏറ്റുപാടി. എങ്കിലും ഭാഷയിലും പദപ്രയോഗങ്ങളിലും അർഥതലങ്ങളിലും വേറിട്ടുനിൽക്കുന്ന ഇച്ചയുടെ വരികൾ തനിമയോടെ മുസ്തഫയിൽനിന്നുതന്നെ കേൾക്കണം. ഈ ഒരൊറ്റ പാട്ടുമതി അതിന് തെളിവ്.

ഒരക്ഷരത്തിൻെറ പുള്ളിയും വള്ളിയും വർണിച്ച് കാഴ്ചയെ മദീനയിലെ ഹരിതാഭനിറഞ്ഞ ഒരു ഖബറിടത്തിലേക്ക് നയിക്കുന്ന ഇച്ചയുടെ വരികൾ.

‘ബിസ്മില്ലാ
ഹി റഹ്മാനി
റഹീം അമീന
ബാക്ക് വള്ളി
യും പുള്ളിയും
കീഴ്മദീന’

കല്യാണവീടുകളിൽ വട്ടപ്പാട്ടുകളായി വിരുത്തങ്ങളിലൂടെ ജ്ഞാനവിരുന്നൂട്ടിയ ഇച്ചയുടെ ചിന്തകൾ മുസ്തഫയിലൂടെ പാട്ടുകളായി ഇങ്ങനെ പലയിടങ്ങളിലേക്ക് പറക്കുന്നു. വിവിധ വാല്യങ്ങളായി ഇച്ചയുടെ രചനകൾ ഇപ്പോൾ ലഭ്യമാണെങ്കിലും ഇവയിലൊന്നും ഉൾപ്പെടാത്ത വരികൾ മുസ്തഫയുടെ ശേഖരത്തിലുണ്ട്, നാവിലും.

കടലുണ്ടിയിൽ രണ്ട് ദശകത്തോളം താമസിച്ചിരുന്ന കെ.വി. അബൂബക്കർ മാസ്റ്ററെ അഞ്ചാം വയസ്സുവരെയേ മുസ്തഫ കണ്ടുള്ളൂ. പാട്ടുകളുടെ വിശാലമായ അർഥധ്വനികൾ വിരിയുന്ന അബൂബക്കർ മാസ്റ്ററുടെ വരികളും പിതാവിൽനിന്നാണ് മുസ്തഫക്കൊപ്പം കൂടിയത്. കെ.പി. മൊയ്തീൻെറ ഗുരുവായിരുന്നു അബൂബക്കർ മാസ്റ്ററും. ഇന്ന് ഏറ്റവും കൂടുതൽ മുസ്തഫ പാടുന്നത് കെ.വി. അബൂബക്കർ മാസ്റ്ററുടെ വരികളാകാം.

‘പട്ടാപ്പകൽ ചൂട്ടും മിന്നിച്ച്
മനുഷ്യനെ തേടി നടന്നു
ഈ ദുനിയാവാകെ നടന്നു
മനുഷ്യനെ കണ്ടില്ല പക്ഷേ,
മനുഷ്യനെ കണ്ടില്ല’

കെ.വിയുടെ ഈ വരികൾ ആധുനികത മനുഷ്യനിൽ വരുത്തിയ മാറ്റങ്ങൾ സൂചിപ്പിക്കുന്നതിനൊപ്പം പച്ചയായ മനുഷ്യനെ തേടലും കൂടിയാണല്ലോ!

ഈ തേടലുകൾതന്നെയാണ് കടായിക്കൽ നല്ലാപറമ്പൻ പുലവർ മൊയ്തീൻകുട്ടി ഹാജിയിലും മുസ്തഫ കണ്ടെത്തുന്നത്. പതിനായിരക്കണക്കിന് പാട്ടുകൾ എഴുതിയ കടായിക്കൽ നല്ലാപറമ്പൻ പുലവർ മൊയ്തീൻകുട്ടി ഹാജിയുടെ അപൂർവമായ മിക്ക പാട്ടുകളും മുസ്തഫയുടെ ശേഖരത്തിലുണ്ട്. ഗുണംഗുടി മസ്താൻ, മസ്ത് ബാവ, ഹംസ ലബ്ബ, ഇബ്രാഹിം കുട്ടി ഷാ തുടങ്ങിവരുടെ വേറിട്ട വരികളും മുസ്തഫയിൽനിന്ന് കേൾക്കാം.

പിതാവിൽനിന്നുകിട്ടിയ പാട്ടുകൾ തേച്ചുമിനുക്കി ഈണം നൽകി ആലപിക്കാൻ മുസ്തഫക്ക് സഹായകമായത് താനൂർ സയ്യിദ് ഇമ്പിച്ചിക്കോയ തങ്ങളുടെ ശിഷ്യത്വമാണ്. പാട്ട് എഴുതിക്കൊടുത്തും പാടിക്കേൾപ്പിച്ചും മുസ്തഫയെ അദ്ദേഹം വേറിട്ട പാട്ടുകാരനാക്കി.

‘മനുഷ്യാ ഈ മായം കണ്ട്
മയങ്ങിടേണ്ടാ
മരിക്കുന്നത് ഒരിക്കലും
മറന്നിടേണ്ടാ നീ മറന്നിടേണ്ടാ’

എന്ന സയ്യിദ് ഇമ്പിച്ചിക്കോയ തങ്ങളുടെ വരികൾ ഉൾക്കൊണ്ടപോലെയാണ് മുസ്തഫയുടെ ജീവിതവും. ഒരു ഹാർമോണിയം പെട്ടിയുമായി വെള്ളിവെളിച്ചങ്ങൾ ഒട്ടുമില്ലാതെ തനി സാധാരണക്കാരനായി ഈ ഗായകൻ പാടി കടന്നുപോകുന്നു. കൂട്ടും അത്തരക്കാർതന്നെ. വർഷങ്ങളായി സൈനുദ്ദീൻ പരപ്പനങ്ങാടി മുസ്തഫക്ക് കൂടെ പാടുന്നു. പാട്ടുകൾ കണ്ടെത്തുന്നതിനും ഗവേഷണത്തിനും സുഹൃത്തുക്കളായി സലാഹുദ്ദീൻ അയ്യൂബിയും ജഹ്ഫർ സഖാഫ് തങ്ങൾ, ഫസൽ തങ്ങൾ, ഷാജഹാൻ ഒരുമനയൂർ എന്നിവർ കൂട്ടുണ്ട്.

പതിറ്റാണ്ടുകളായി ഇത്തരം പാട്ടിനായി അലയുന്ന മുസ്തഫ അവയുടെ കണ്ടെടുപ്പിലും സൂക്ഷിപ്പിലുംകൂടി ശ്രദ്ധ നൽകുന്നു. പാട്ടുശേഖരണത്തിന് പിന്നിൽ മുസ്തഫയുടെ കഠിന പ്രയത്നവുമുണ്ട്. തനിക്കിണങ്ങിയ, താൻ പിന്തുടരുന്നവരുടെ പാട്ടുകൾ എവിടെ ഉണ്ടെന്നറിഞ്ഞാലും വൈകാതെ ഇദ്ദേഹം അവിടെയെത്തും. ഗായകനാണെന്നറിയുന്നതോടെ പലരും എത്തിച്ചു നൽകിയ പാട്ടുകളുമുണ്ട്. ചിലർ പാട്ടു തരാൻ താൽപര്യക്കുറവ് കാണിക്കുമെങ്കിലും മുസ്തഫ രണ്ടു വരി പാടുന്നതോടെ അവർ കീഴടങ്ങും. ഇന്ന് അപൂർമായ പാട്ടുകൾ തേടി ഗവേഷകരും പാട്ടുകാരും വിദ്യാർഥികളും മുസ്തഫയുടെ കടലുണ്ടിയിലെ വീട്ടിലെത്തുന്നു.

അങ്ങനെ കണ്ടെടുത്ത് സൂക്ഷിച്ച പാട്ടുകളിലൂടെയാണ് മുസ്തഫയുടെ ജീവിതം. ഇതിനകം എത്രയോ വേദികൾ പിന്നിട്ടു. ദിവസം മുഴുവനും രാവും പകലും ഇരുന്നുപാടി. ദൂരെ അജ്മീർ വരെ മുസ്തഫയിലൂടെ മലയാളത്തിൻെറ മധുരമെത്തി. പാട്ടുമായുള്ള ഈ യാത്രയിൽ എന്തു തിരിച്ചുകിട്ടുന്നു എന്ന ചോദ്യത്തിന് പാട്ടിലെ ഒരു വരികൊണ്ട് മുസ്തഫ ഉത്തരം നൽകും- ‘തുടരും ഞാനീ പോക്ക്’. ആത്മസമർപ്പണങ്ങളുടെ യാത്രയിൽ ചിലതൊന്നിനും ഉത്തരമില്ലല്ലോ!

പാട്ടിലെ ആത്മജ്ഞാനങ്ങൾ തേടിപ്പോകൽ മാത്രമല്ല, മലയാളത്തിന് അപൂർവമായ വരികൾ അവതരിപ്പിക്കുകയും ചരിത്രത്തിൽനിന്ന് മായാതെ അവ നിലനിർത്തുകയുംകൂടിയാണ് മുസ്തഫയിലെ പാട്ടുകാരൻ. അപ്പോഴതൊരു ചരിത്രദൗത്യമായി മാറുന്നു. പാട്ടെന്നത് അതിൻെറ അതിരുകൾ ഭേദിച്ച് പറക്കുന്നു, പരക്കുന്നു. ◆

ഫീച്ചർ

# അതിജീവനത്തിൻെറ വർണക്കുടകൾ


• ശ്രീരാജ് വെഞ്ഞാറമൂട്

**ഫഹീം ചമ്രവട്ടം**

ഭിന്നശേഷിക്കാർ എന്ന് കേൾക്കുമ്പോൾ ഉയർന്ന്പൊങ്ങാറുള്ള സഹതാപതരംഗങ്ങളേ, നിങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. ഇത് ഒരു അത്ഭുതലോകമാണ്. മുഴുവൻ ശാരീരികശേഷിയുമുണ്ടെന്ന് അവകാശപ്പെടുന്നവരുടെ മുന്നിലൂടെ അതിശയകരമായി നടന്നുപോകുന്ന ഭിന്നശേഷിയുള്ള വ്യക്തികളുടെ ലോകം. ഇവരാണ് ഈ കഥയിലെ നായകന്മാർ. ജീവിതം നിസ്സഹായതയും അവശതയും പറഞ്ഞിരിക്കാതെ ഇരുതലമുട്ടിക്കാൻ പെടാപ്പാടു പെടുന്ന ആളുകളുടെ കൂട്ടത്തിൽ നിന്ന് പോരാടുന്ന മനുഷ്യർ.

അങ്ങനെ ചിലരെ പരിചയപ്പെടാം..

- തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ എന്ന സ്ഥലത്താണ് 34കാരനായ മനോജിൻെറ വീട്. 13 വർഷം മുമ്പ് വാഹനാപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിച്ചു. അരക്കുതാഴോട്ട് തളർന്നു.
- ആലപ്പുഴക്കാരനായ അജിത്തിന് (അജിത് കൃപാലയം) രണ്ടു വയസ്സിൽ പോളിയോ വന്നതാണ്. ഏതാണ്ട് 90 ശതമാനവും വൈകല്യമുണ്ട്.
- കൊല്ലം ജില്ലയിലെ അഞ്ചൽ കരുക്കോണിൽ താമസിക്കുന്ന സുരേഷ്ബാബു എന്ന 49കാരൻ കച്ചവടം നടത്തിയും കുട്ടികൾക്ക് ട്യൂഷനെടുത്തുമാണ് ജീവിച്ചിരുന്നത്. 28ാം വയസ്സിലാണ് സുരേഷിന് കാലിന് ചലനശേഷി നഷ്ടപ്പെട്ടത്.
- ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ താമസിക്കുന്ന വിഷ്ണു വിജയൻ രണ്ടരവർഷം മുമ്പാണ് ജോലിക്കിടെ വീടിന് മുകളിൽനിന്ന് വീഴുന്നത്. അരക്ക് താഴെ തളർന്നു.
- തൃശൂർ കുന്നംകുളം സ്വദേശിയായ കവിത ഒമ്പതാം തരത്തിൽ പഠിക്കുമ്പോഴാണ് നട്ടെല്ലിന് ടി.ബി വന്ന് നെഞ്ചിന് താഴേക്ക് തളർന്നുപോകുന്നത്. 12 വർഷത്തോളം പൂർണമായും കിടപ്പിലായിരുന്ന കവിത ആറു വർഷമായിട്ടേയുള്ളൂ എഴുന്നേറ്റിരിക്കാൻ തുടങ്ങിയിട്ട്.
- പാലക്കാട് ലക്കിടി പേരൂർ പഞ്ചായത്തിൽ താമസിക്കുന്ന സുരേഷ് എട്ടുവർഷം മുമ്പാണ് മരത്തിൽനിന്ന് വീഴുന്നത്. അരക്ക് താഴെ ചലനശേഷി നഷ്ടപ്പെട്ടു.
- കോഴിക്കോട് പൂവാട്ട്പറമ്പ് സ്വദേശിയാണ് മാലിക്. സൗദി അറേബ്യയിലെ റിയാദിലെ ബുറൈദയിൽ വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റു. നട്ടെല്ലിനുണ്ടായ ക്ഷതം അരക്ക് താഴെ തളർത്തി.
- കാസർകോട് ബന്ധിയോട് അടുക്ക സ്വദേശിയായ ഹനീഫ മൗലവിക്ക് പോളിയോ ബാധിച്ചാണ് കാലുകളുടെ ശേഷി നഷ്ടപ്പെട്ടത്.
- കോട്ടയം ജില്ലയിലെ കുമരകം കണ്ണാടിച്ചാലി നടുത്ത് താമസിക്കുന്ന ജനീഷ് തെങ്ങ് ചെത്തുന്നതിനിടെയാണ് പിടിവിട്ട് താഴെവീഴുന്നത്. നട്ടെല്ലിന് ക്ഷതം സംഭവിച്ച് അരക്കു താഴെ തളർന്നു.
- മലപ്പുറം കൊണ്ടോട്ടി പുളിക്കൽ സ്വദേശിയായ മുസ്തഫ പറമ്പൻ 15 വർഷം മുമ്പാണ് കവുങ്ങിൽനിന്ന് വീണത്. നട്ടെല്ലിനേറ്റ ക്ഷതം അരക്ക് താഴെ പൂർണമായും തളർത്തി.
- വയനാട് മേപ്പാടി സ്വദേശി നാരായണന് 10 വർഷം മുമ്പാണ് ബൈക്കപകടത്തിൽ പരിക്കേൽക്കുന്നത്. നട്ടെല്ലിനേറ്റക്ഷതം അദ്ദേഹത്തിൻെറ ജീവിതം വീൽചെയറിലാക്കി.
- എറണാകുളം ജില്ലയിലെ കുറ്റിപ്പുഴ സ്വദേശിയായ മിനിക്ക് ആർത്രൈറ്റിസ് ബാധിച്ചാണ് ശരീരം തളർന്നത്. 30 വർഷത്തിലേറെയായി വീൽ ചെയറിലാണ്.
- കണ്ണൂർ കൂത്തുപറമ്പ് സൗത്ത് നരവൂർ സ്വദേശിയായ സജിതക്ക് ഒന്നര വയസ്സിലാണ് പോളിയോ ബാധിച്ചത്. കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടു.
- പാലക്കാട് കേരളശ്ശേരി സ്വദേശി വേണുഗോപാൽ എട്ടു വർഷം മുമ്പാണ് തേങ്ങിൽനിന്ന് വീണത്. നട്ടെല്ല് തകർന്ന് കിടപ്പിലായി.
- തിരുവനന്തപുരം വെഞ്ഞാറമൂട് സ്വദേശി ശ്രീരാജ് 13 വർഷം മുമ്പാണ് കെട്ടിടത്തിന് മുകളിൽനിന്ന് വീണത്. നട്ടെല്ലിന് ക്ഷതം പറ്റി കാലുകളുടെ ചലന ശേഷി നഷ്ടപ്പെട്ടു.

മേൽപറഞ്ഞവർ ഈ കഥയിലെ ചില കഥാപാത്രങ്ങൾ മാത്രമാണ്. പറഞ്ഞതിലേറെ കഥാപാത്രങ്ങൾ തിരശ്ശീലക്ക് പിന്നിലുണ്ട്. അത് വിവരിക്കാൻ ഈ താൾ മതിയാകാത്തതുകൊണ്ട് ഉദാഹരണം പറഞ്ഞുവെച്ചു. ഈ മനുഷ്യരുടെ അവസ്ഥ കേട്ടാൽ പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരാണെന്ന് ഒറ്റനോട്ടത്തിൽ പറയാമെങ്കിലും ഇവർ ജീവിക്കാൻ വേണ്ടി എന്ത് ജോലി ചെയ്യാനും തയാറാണ്. മഴക്കാലമെത്തുമ്പോൾ നാം ആദ്യം ഓർക്കുന്നത് കുടയെ കുറിച്ചല്ലേ. അതെ, അവരും ഓർത്തത് കുടയെ കുറിച്ചാണ്. പക്ഷേ, അത് സ്വയം ഉപയോഗിക്കാനല്ല. മറ്റുള്ളവർക്കുകൂടി ചൂടാനാണ്. ആ തണലിൽ അവർക്കുകൂടി കയറിനിൽക്കാനാണ്. കുട നിർമാണം ജീവിതമാർഗമാക്കിയ നൂറിലധികം ഭിന്നശേഷിക്കാരാണ് ഇന്ന് നമ്മുടെ കേരളത്തിലുള്ളത്. ഇന്ന് അവർക്കൊരു കൂട്ടായ്മയുണ്ട്. ആ കൂട്ടായ്മയാണ്. ഈ കുടക്കീഴിൽ നിർത്തിയത്.

## വാട്സ്ആപ് കൂട്ടായ്മയും കുട നിർമാണവും

വെറുതെ കുട നിർമിച്ചതുകൊണ്ടായില്ലല്ലോ, ഭിന്നശേഷിക്കാരായ ഇവർക്ക് അത് വിപണിയിലെത്തിക്കാൻ പരസഹായം കൂടിയല്ലേ തീരൂ... അവിടെയാണ് ദൈവദൂതനെപ്പോലെ ഒരാൾ അവതരിക്കുന്നത്. ഹൈസ്കൂൾ അധ്യാപകനായ പേര് പരസ്യപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു സന്നദ്ധപ്രവർത്തകൻ ഇവരെയെല്ലാം ഒരുമിച്ചു കൂട്ടുന്നു. ഭിന്നശേഷിക്കാരായ മനുഷ്യരുടെ വാട്സ്ആപ് കൂട്ടായ്മ ആരംഭിക്കുന്നു. തൻെറ സുഹൃത്തായ ഭിന്നശേഷിക്കാരൻെറ പൊള്ളുന്ന ജീവിതാവസ്ഥയിൽ നിന്നുള്ള പാഠമാണ് ഇത്തരക്കാരെ ഒരുമിപ്പിച്ചു നിർത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കുട നിർമാണവും മറ്റുക്രാഫ്റ്റ് വർക്കുകളുമായി മുന്നോട്ടുപോകുന്ന ചുരുക്കം ചിലർ ആദ്യം ഈ കൂട്ടായ്മയുടെ ഭാഗമായി. കുടനിർമാണംതന്നെ ജീവിതത്തൊഴിലാക്കാൻ തീരുമാനിക്കുകയായിരുന്നു.

ഇതോടൊപ്പം, പേപ്പർ പേനയുടെ നിർമാണവുമുണ്ട്. നിർമാണം അറിയുന്നവരും അറിയാത്തവരുമായി നിരവധി പേർ ഇതിൻെറ ഭാഗമായി. നിർമാണം അറിയാത്തവരെ പഠിപ്പിക്കാനും ഈ കൂട്ടായ്മ മുൻകൈയെടുത്തു. നിലവിൽ 82 പേരാണ് ഈ കൂട്ടായ്മയിൽ അംഗങ്ങളായിട്ടുള്ളത്. പുതിയ ആളുകളെ കണ്ടെത്തി ഉൾപ്പെടുത്തിയാണ് മുന്നോട്ടു പോകുന്നത്. ഇതോടൊപ്പം ഒരു ഫേസ്ബുക്ക് പേജും രൂപവത്കരിച്ചു.

## വിപണനവും പ്രതിസന്ധിയും

ചലനശേഷി നഷ്ടപ്പെട്ടവരായതിനാൽ മാർക്കറ്റിലെത്തുക, വിപണനം നടത്തുക തുടങ്ങിയവ അപ്രായോഗികമാണ്. സമൂഹമാധ്യമം എന്ന പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്താൻ തുടങ്ങിയതോടെ ആ പ്രതിസന്ധിയും അവർ മറികടന്നു. മാർക്കറ്റ് കണ്ടെത്താനും അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനും വാട്സ്ആപ്പിലും ഫേസ്ബുക്കിലും ഉള്ള കൂട്ടായ്മകൊണ്ട് സാധിച്ചു. മെറ്റീരിയൽസ് എവിടെ കിട്ടും. നിർമാണത്തിനും മറ്റുമായി ഏതെല്ലാം സാങ്കേതികവിദ്യ ഉപയോഗിക്കാം തുടങ്ങിയ കാര്യങ്ങൾ ഇവർ പരസ്പരം പങ്കുവെച്ചു. സമൂഹമാധ്യമങ്ങൾ വഴിതന്നെ നിർമാതാക്കൾ ഫോൺ നമ്പർ പരസ്യപ്പെടുത്തും. അതുവഴി ബന്ധപ്പെടുന്ന ഉപഭോക്താക്കൾക്ക് നേരിട്ടോ കൊറിയർ വഴിയോ ഉൽപന്നങ്ങൾ നൽകുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നല്ല മഴയായതിനാൽ കുടവിപണി സജീവമായിരുന്നു. എന്നാൽ, ഇത്തവണ പ്രതീക്ഷ തെറ്റിച്ചു. വലിയ വിപണി പ്രതീക്ഷിച്ച് നിർമിച്ചുവെച്ചിരുന്ന കുടകൾ പലതും കോവിഡും ലോക്ഡൗണും വന്നതോടെ വിൽക്കാനാവാതെ കിടക്കുന്നു. ലോകമെമ്പാടുമുള്ള കോവിഡ് സാമ്പത്തിക പ്രതിസന്ധി ഇവരെയും തളർത്തി എന്ന് തീർച്ച. എങ്കിലും ഇവർക്ക് പ്രതീക്ഷയുണ്ട്, മഴക്കാലത്ത് കുടനിവർത്താതെ മലയാളി മുന്നോട്ടുപോകില്ലെന്ന്. വൻകിട കമ്പനികളുടെ കുടകൾ തേടിപ്പോകുന്ന മനുഷ്യരോട് ഇവർക്ക് ഒന്നേ പറയാനുള്ളൂ: ബ്രാൻഡ്നെയിം ഇല്ലന്നേയുള്ളൂ, അതിനെക്കാൾ ഈടും ഉറപ്പും തങ്ങൾ നിർമിക്കുന്ന കുടക്കുണ്ടെന്നു മാത്രം.

കുടകൾ വാങ്ങാൻ ആഗ്രഹിക്കുന്നവരോട്...Umbrella By Differently Abled -Kerala എന്ന ഫേസ്ബുക്ക് പേജ് സന്ദർശിച്ചാൽ കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ഭിന്നശേഷിക്കാരായ കുടനിർമാതാക്കളുടെ മൊബൈൽ നമ്പർ ലഭിക്കും. ഏറ്റവും അടുത്തുള്ള നിർമാതാവിനെ കണ്ടെത്തി വിളിച്ചാൽ കുട സ്വന്തമാക്കാം. 8304095974, 6282458717 (വിനു വി. പിള്ള) എന്നീ മൊബൈൽ നമ്പറിലും ബന്ധപ്പെടാം. ഫേസ്ബുക്ക് ലിങ്ക്: www.facebook.com/kudakal/ ◆


• സോഫി മോൾ, തിരുവല്ല


• സുരേഷ്, ഒറ്റപ്പാലം


• വേണുഗോപാൽ, പാലക്കാട്


• മനോജ്, വട്ടപ്പാറ


• കവിത, കുന്നംകുളം